UNASHAMED TO BE YOURS!

# 31 ഭക്തി സന്ദേശങ്ങൾ

വായിക്കുക ചിന്തിക്കുക നടപ്പിലാക്കുക

FAIM

Faith Ablaze International Ministries

മലയാളം ഭക്തിസന്ദേശങ്ങൾ

Author: Rev. Dr. Rachel Rajagopal

Translator: Rachel Chindu

Malayalam Bible Version: The Holy Bible, Malayalam O.V

©2020 Faith Ablaze International Ministries

***All rights reserved. No part of this book may be reproduced or modified in any form, including photocopying, recording, or by any information storage and retrieval system, without permission in writing from the author.***

.

# ദിവസം 1 - ദിനംതോറും പെന്തെക്കോസ്ത്
**(അപ്പോസ്തല പ്രവൃത്തികൾ 2:1 -4)**

എത്ര അനുഗ്രഹപ്പെട്ട ദിവസമാണ് ഇത്, പ്രത്യേകിച്ച് ഇന്ന്! ദൈവത്തിനുവേണ്ടി എഴുന്നേൽക്കുകയും പ്രകാശിക്കുകയും ചെയ്യാൻ ദൈവം നമുക്ക് പുതിയ ശക്തി നൽകട്ടെ. ***ലജ്ജയില്ലാതെ അങ്ങയെക്കായി*** ഞങ്ങൾ ആരംഭിക്കുമ്പോൾ ഈ ദിവസം ഞങ്ങൾക്ക് സവിശേഷത ഉള്ളതാണ്. ഇത് 31 ഹ്രസ്വ ഭക്തി സന്ദേശം അടങ്ങിയിട്ടുള്ള ഒരു പ്രത്യേക സീരീസ് ആണ് ഒപ്പം ഞങ്ങൾ അവയെ വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയുകയും ചെയ്തു.

ദൈവത്തിന്റെ ആത്മാവ് എന്റെ മേൽ വന്നപ്പോൾ എന്റെ മുറിയിൽ ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ടത് ഞാൻ ഓർക്കുന്നു. 1996-ൽ, ഞാൻ ഇപിൻ മെത്തഡിസ്റ്റ് ചർച്ച് യുവജന കൂട്ടായ്മയെ സഹായിക്കാൻ കിഴക്കൻ മലേഷ്യയിലേക്ക് പോയി. എന്തുകൊണ്ടാണ് ഞാൻ അവിടേക്ക് യാത്രചെയ്യാൻ ദൈവം ആഗ്രഹിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല, അതിനാൽ ഞാൻ എന്റെ യാത്രയിലുടനീളം പ്രാർത്ഥിച്ചുകൊണ്ടിരുന്നു, ദൈവം എന്നെ ഏൽപ്പിച്ച വിധത്തിൽ അവനെ അനുസരിക്കാൻ ഞാൻ തയ്യാറായിരുന്നു.

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, ഒരു കൂട്ടം യഹൂദ വിശ്വാസികൾ ഒരു മുറിയിൽ ഐക്യത്തോടെ ഒരുമിച്ചുകൂടി ദൈവത്തെ അനുസരിച്ചപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരുടെ ഇടയിൽ എത്തി. കർത്താവായ യേശുവിനെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നതിനു തൊട്ടുമുമ്പ്, ഒരു മുറിയിൽ തടിച്ചുകൂടിയ വിശ്വാസികളോട് പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ അവൻ പറഞ്ഞിരുന്നു. അവരുടെ അനുസരണവും കാത്തിരിപ്പിലെ ഐക്യവും അവർക്ക് അപ്രതീക്ഷിത ഫലം നൽകി! പ്രവൃത്തി പുസ്തകം, 2-ാം അധ്യായത്തിൽ ലൂക്കോസ് എഴുതി:

> 1 പെന്തെക്കൊസ്തനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു.
> 2 പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു.
> 3. അഗ്നി ജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു.
> 4. എല്ലാവരുംപരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.

അവരുടെ കാത്തിരിപ്പ് വെറുതെയായില്ല. പരിശുദ്ധാത്മാവ് വന്നപ്പോൾ അത് അവരുടെ വീട് മുഴുവൻ നിറച്ചു! ദർശനം ഇല്ലാതെ നേതാവിനെ നഷ്ടപ്പെട്ട ഈ കൂട്ടത്തിനു ദൈവം അവരുടെ നേതാവാണെന്ന് ഓർമ്മപ്പെടുത്തി.

ഈ ദിവസങ്ങളിൽ, കർത്താവായ യേശുവിൽ വിശ്വസിക്കുന്ന നാം ഒരു വലിയ ഉണർവ്വിന് അല്ലെങ്കിൽ പുനരുജ്ജീവനത്തിനായി കാത്തിരിക്കുകയാണ്. ലോകം മുഴുവൻ ഒരു 'പകർച്ചവ്യാധി' അനുഭവിച്ചറിഞ്ഞിട്ടുണ്ട്, കൂടാതെ ഒരു "ലോക്കഡോണിന്റെ" പ്രത്യാഘാതങ്ങൾ നമ്മളിൽ മിക്കവരും മനസ്സിലാക്കിയിട്ടുണ്ട്. കാര്യങ്ങൾ ഒരിക്കലും പഴയപടിയാകില്ലെന്ന് നമുക്കറിയാം, അത് നമ്മളോട് പറയുകയും ചെയ്തിട്ടുണ്ട്. നമ്മൾ എങ്ങനെ പ്രവർത്തിക്കുന്നു, ബന്ധപ്പെടുന്നു, പരസ്പരം സേവിക്കുന്നു എന്നതിനെ നേരിടാനും, മാറ്റാനും നമ്മൾ ക്രമീകരിക്കേണ്ടതുണ്ട്. ഒരു പ്രതിസന്ധി. ഉണ്ടാകുമ്പോൾ, ഒരു മാറ്റം അനിവാര്യമാണ്.

അതുപോലെതന്നെ, ക്രിസ്തുവിന്റെ ശിഷ്യന്മാർ ഒരുതരം പ്രതിസന്ധിയിലായിരുന്നു. കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം അമ്പത് ദിവസം അവർ ലോക്കഡൗണിൽ ആയിരുന്നു. പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ കർത്താവായ യേശു അവരോട് കൽപ്പിച്ചു. മാറ്റം അവർക്കും അനിവാര്യമാണ്, പ്രത്യേകിച്ചും അവർ ദൈവത്തിന്റെ മുഖം അന്വേഷിക്കാൻ കൂടുതൽ സമയം ചെലവഴിച്ചപ്പോൾ.

യേശുവിന്റെ ശിഷ്യന്മാർക്ക് പെന്തെക്കൊസ്ത് അനുഭവം സംഭവിച്ചപ്പോൾ, കുറച്ച് കടുത്ത എന്നാൽ നല്ലതുമായ ചില മാറ്റങ്ങൾ സംഭവിച്ചു:

1. സുവിശേഷം പ്രസംഗിക്കാൻ അവരെ സന്നാഹം ചെയ്തു
2. അവർ വചനത്തിനായി കാംഷിച്ചു.
3. ക്രിസ്തുവിനായി രക്ഷിക്കപ്പെട്ട ആയിരങ്ങളെ അവർ കണ്ടുതുടങ്ങി
4. അവരുടെ ഔദാര്യം വർദ്ധിച്ചു.
5. അവർ അടയാളങ്ങളിലും അത്ഭുതങ്ങളിലും നീങ്ങി.

നിങ്ങൾക്ക് കൂടുതൽ അറിയാനായി പ്രവൃത്തികളുടെ പുസ്തകത്തിന്റെ രണ്ടാം അധ്യായം വായിക്കുക.

കപിറ്റിലെ ഇബാൻ മെത്തഡിസ്റ്റ് ചർച്ച് യൂത്ത് ഗ്രൂപ്പിനെ സേവിക്കാനുള്ള എന്റെ യാത്ര ഓർക്കുന്നുണ്ടോ? ദൈവത്തിന്റെ ശബ്ദത്തോടുള്ള എന്റെ അനുസരണം, 15 ഓളം ചെറുപ്പക്കാരോടൊപ്പം ചേരാൻ എന്നെ അനുവദിക്കുകയും, രാവിലെ ഒൻപത് മണി മുതൽ രാത്രി പത്ത് മണി വരെ ഏഴു ദിവസങ്ങളിലായി ആയിരമോ അതിലധികമോ ആരാധകരെ ശുശ്രൂഷിക്കാനും സാധിച്ചു.

ഉയർപ്പു ഞായറിന്റെ സന്ദേശം ഞാൻ ആദ്യമായി ഒരു സഭയോട് മുഴുവൻ പ്രസംഗിച്ചു. തന്റെ പരിശുദ്ധാത്മാവിനായി കാത്തിരിക്കാൻ അവൻ നമ്മോട് പറയുമ്പോൾ ദൈവത്തിന് ഒരു പദ്ധതിയുണ്ട്, കാരണം അവൻ നമ്മെ അയയ്ക്കുന്നതിന് മുമ്പായി അവന്റെ ശക്തി, സ്നേഹം, സന്തോഷം, സമാധാനം, നിർദ്ദിഷ്ട സന്ദേശം എന്നിവ നമുക്ക് ലഭിക്കാൻ അവൻ ആഗ്രഹിക്കുന്നു. പെന്തെക്കൊസ്ത് ഞായറാഴ്ചയെക്കുറിച്ചുള്ള നമ്മുടെ അനുഭവം എല്ലാ ദിവസവും ആകാം!

മാനസാന്തരത്തോടെ കർത്താവായ യേശുവിന്റെ അടുക്കലേക്കു വരിക. കർത്താവായ യേശുവിന്റെ അടുത്ത് വന്ന് ഒരു പുതിയ പെന്തെക്കൊസ്ത് അനുഭവം സ്വീകരിക്കുക.
നിങ്ങളും നിങ്ങളുടെ കുടുംബവും ഒരിക്കലും ആയതുപോലെ ആയിരിക്കാൻ കഴികയില്ല എന്ന് മനസിലാക്കികൊണ്ടു കർത്താവായ യേശുവിന്റെ അടുക്കൽ വരുവിൻ.

**നിങ്ങളുടെ വെല്ലുവിളി:** ഇതുപോലുള്ള ഒരു സമയത്തേക്ക് നിങ്ങളെ അടയാളപ്പെടുത്തിയിരിക്കുകയാണ്! ദിനംതോറും പെന്തെക്കൊസ്ത് ഞായറാഴ്ച അനുഭവം ലഭിക്കാൻ നിങ്ങൾ എന്താണ് ചെയ്യേണ്ടത്?

**പ്രാർത്ഥന:**
സ്വർഗ്ഗീയപിതാവേ, കർത്താവായ യേശുക്രിസ്തുവിനെപ്പോലെ ആകുവാനും അങ്ങയുടെ സ്നേഹം, സമാധാനം, സന്തോഷം എന്നിവ ഉപയോഗിച്ച് മറ്റുള്ളവരെ സേവിക്കുവാനും കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവിനെ ഞാൻ സ്വീകരിക്കുന്നു. അനേകരെ പാപത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും മോചിപ്പിക്കാൻ കഴിവുള്ള, ജീവനുള്ള ദൈവത്തിന്റെ മഹത്തായ സന്ദേശം സംസാരിക്കാൻ എന്റെ അധരങ്ങളെ അഭിഷേകം ചെയ്യണമേ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ആമേൻ.

# ദിവസം 2 - പരമാധികാരിയായ ദൈവത്തെ വിളിച്ചപേക്ഷിക്കുക (യെശയ്യാവു 55: 6-9)

അനിശ്ചിതത്വങ്ങൾക്കിടയിലും, ഒരു കാര്യം ഉറപ്പാണ് - ദൈവം സമീപസ്ഥനാണ്. നമ്മൾ ഇപ്പോൾ അനിശ്ചിതവും പ്രയാസകരവുമായ ചില കാലഘട്ടങ്ങളിലൂടെയാണ് ജീവിക്കുന്നത്. ദശലക്ഷക്കണക്കിന് തൊഴിലുകൾ നഷ്ടപ്പെട്ടു; ചില മാതാപിതാക്കൾക്ക് അവരുടെ കുട്ടികളുടെ സ്കൂൾ ഫീസ് താങ്ങാൻ കഴിയുന്നില്ല. ലോകമെമ്പാടുമുള്ള പ്രതിസന്ധികളെ അതിജീവിക്കാൻ പല സർക്കാരുകളും സ്വന്തം ആളുകളെയോ കുടിയേറ്റ തൊഴിലാളികളെയോ സഹായിക്കുന്നില്ല.

യെശയ്യാവു 55: 6-9 ൽ പ്രവാചകൻ ഇപ്രകാരം പറയുന്നു,

> 6.യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ
> 7. ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു യഹോവയിങ്കലേക്കു തിരിയട്ടെ; അവൻ അവനോടു കരുണകാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്കു തിരിയട്ടെ; അവൻ ധാരാളം ക്ഷമിക്കും
> 8 എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്നു യഹോവ അരുളിച്ചെയ്യുന്നു
> 9 ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു

ഇന്നത്തെ ഭാഗം പറയുന്നു ദൈവം സമീപസ്ഥനാകയാൽ അവനെ വിളിച്ചപേക്ഷിക്കാം. നമ്മൾ അലറിവിളിക്കേണ്ട ആവശ്യമില്ല. ദൈവം സമീസ്ഥനാണ്. അവൻ നിങ്ങളെയും എന്നെയും കേൾക്കുന്നു. എല്ലാവരും അവരുടെ ദുഷിച്ച വഴികൾ ഉപേക്ഷിച്ച് അവനിലേക്ക് മടങ്ങിവരാൻ ദൈവം നിരന്തരം ക്ഷണിക്കുന്നു. അനീതിക്കെതിരെ തിരിയുകയും നീതിയിലേക്ക് മടങ്ങുകയും ചെയ്യുന്ന എല്ലാവരോടും ദൈവം ക്ഷമിക്കുമെന്ന വാഗ്ദാനമുണ്ട്. ദൈവത്തിനു തന്റെ ജനത്തോടുള്ള അനുകമ്പ സമൃദ്ധമായതു കൊണ്ട് , അവിടുന്ന് സമൃദ്ധമായി നമ്മളോട് ക്ഷമിക്കും. ദൈവത്തിന്റെ വഴികളോ ചിന്തകളോ ആർക്കാണ് മനസ്സിലാക്കാൻ കഴിയുക?

ചില സമയങ്ങളിൽ, നമ്മുടെ ശ്രദ്ധ സ്വയത്തിൽ ആകുന്നു. മാത്രമല്ല നമുക്ക് വളരെയധികം അറിയാമെന്ന് നമ്മൾ കരുതുന്നു, ഒരുപക്ഷേ മറ്റൊരാളേക്കാൾ കൂടുതൽ. തന്റെ വഴികളും ചിന്തകളും അമാനുഷികമാണെന്ന് യെശയ്യാവു 55:9ൽ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. അവ നമ്മുടെ മാനുഷിക ഗ്രാഹ്യത്തിന് അതീതമാണ്.

ദൈവത്തിന്റെ വഴികളുമായും ചിന്തകളുമായും ബന്ധപ്പെടാനും, നല്ല ദൈവിക നീതിപൂർവകമായ ജീവിതം നയിക്കാനുമുള്ള ഏക മാർഗം പരിശുദ്ധാത്മാവിന്റെ സഹായവുമായി ബന്ധപ്പെടുക എന്നതാണ്. പരിശുദ്ധാത്മാവ് ദൈവത്തിന്റെ മനസ്സിനെ അറിയുന്നു; നമുക്കും അറിയാൻ കഴിയും, നാം പരിശുദ്ധാത്മാവിന്റെ സഹായത്തെ ആശ്രയിക്കുകയും നമ്മുടെ പകരക്കാരനായി ക്രൂശിൽ മരിച്ച ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധത്തെ അവഗണിക്കാതിരിക്കുകയും ചെയ്താൽ നാം സ്വർഗ്ഗീയപിതാവുമായി അനുരഞ്ജനത്തിലാകും.

നമ്മുടെ ദുഷ്ടവും സ്വാർത്ഥവുമായ വഴികളെയും ചിന്തകളെയും ഏറ്റുപറയുകയും അനുതപിക്കുകയും ചെയ്താൽ ദൈവം നമ്മോട് ധാരാളം ക്ഷമിക്കുന്നു.

**നിങ്ങളുടെ വെല്ലുവിളി:** ഈ വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ, ദൈവത്തിന്റെ ഉയർന്ന ചിന്തകളെക്കുറിച്ച് നിങ്ങൾ എന്താണ് കണ്ടെത്തിയത്? ഈ പ്രതിസന്ധികളിൽ നിങ്ങൾക്ക് ജീവിതം എങ്ങനെ മെച്ചപ്പെട്ടു? നിങ്ങൾ സ്വയം പുതിയ എന്തെങ്കിലും പഠിച്ചോ?

**പ്രാർത്ഥന:**

സർവശക്തനായ ദൈവമേ, ദൈവിക ചിന്തകളോടും വഴികളോടും ഒപ്പം എന്നെ പടിപടിയായി നിർത്താൻ സഹായിക്കാൻ എനിക്ക് അങ്ങയുടെ പരിശുദ്ധാത്മാവ് ആവശ്യമാണ്. ഞാൻ തെറ്റിപ്പോകുകയോ ഇടറുകയോ ദൈവത്തോടൊപ്പം ചേർന്ന് നടക്കാതിരിക്കുകയോ ചെയ്യുമ്പോൾ പരിശുദ്ധാത്മാവ് എന്നെ പ്രേരിപ്പിക്കുകയും ഉണർത്തുകയും ചെയ്യട്ടെ. കർത്താവായ യേശുവിനെക്കുറിച്ചും, അവന്റെ ആത്മാവിനാൽ എന്നെ പഠിപ്പിക്കാൻ അവൻ ആഗ്രഹിക്കുന്ന പുതിയ കാര്യങ്ങളെക്കുറിച്ചും കൂടുതലറിയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആമേൻ.

കർത്താവായ യേശുക്രിസ്തുവിന്റെ സന്തോഷം ഇന്ന് നിങ്ങൾക്ക് ഉണ്ടാകട്ടെ! ***ലജ്ജയില്ലാതെ അങ്ങയെക്കായി***! എന്ന ഭകതി സന്ദേശത്തിന്റെ വീഡിയോകൾ FAIM 4CHRIST Youtube ചാനലിൽ ഉണ്ട്. ഇന്നത്തെ സന്ദേശത്തെ കുറിച്ചുള്ള മൂന്ന് ഹ്രസ്വ വീഡിയോകളും കാണാം. ദയവായി സന്ദർശിക്കുക!

# ദിവസം 3 -ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ ദൈവവചനം നിറവേറ്റുന്നു (യെശയ്യാവു 55: 10-11)

രാവിലെ തോറും ദൈവത്തിന്റെ കരുണ പുതിയതാകുന്നു! നിങ്ങൾ എപ്പോഴെങ്കിലും ദൈവവചനത്തിന്റെ സത്യങ്ങളെ സംശയിച്ചിട്ടുണ്ടോ? ഞാൻ സംശയിച്ചതായി എനിക്കറിയാം. ചിലപ്പോൾ, ബൈബിളിൽ കാണുന്ന അവന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കാൻ നമുക്ക് കഴിയില്ല. നാമെല്ലാവരും തീർച്ചയായും, ഉറപ്പായും ദൈവത്തിന്റെ സത്യങ്ങൾ വിശ്വസിക്കുന്നുവെന്ന് പറഞ്ഞാൽ, ക്രിസ്തുവിന്റെ ശരീരമായാ സഭ കൂടുതൽ മെച്ചപ്പെട്ട സ്ഥലത്ത് ആയിരിക്കാം. സഭ ഈ ലോകത്ത് കുതിച്ചുകയറുകയല്ല, മറിച്ച് ദൈവത്തിന്റെ വേഗതയുടെ ഭംഗി മറ്റുള്ളവർ ശ്രദ്ധിക്കുന്ന തരത്തിൽ വളരെയധികം ശക്തിയോടെ ദൈവത്തോടൊപ്പം ഓടുന്നു.

യെശയ്യാ പ്രവാചകൻ 55-ാം അധ്യായത്തിൽ എഴുതി,

> 10 മഴയും ഹിമവും ആകാശത്തുനിന്നു പെയ്യുകയും
> അവിടേക്കു മടങ്ങാതെ വിതെപ്പാൻ വിത്തും തിന്മാൻ
> ആഹാരവും നല്കത്തക്കവണ്ണം ഭൂമിയെ നനെച്ചു
> ഫലവത്താക്കി വിളയിക്കുന്നതുപോലെ
> 11 എന്റെ വായിൽ നിന്നു പുറപ്പെടുന്ന എന്റെ വചനം
> ആയിരിക്കും; അതു വെറുതെ എന്റെ അടുക്കലേക്കു
> മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ
> അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും

മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും പോലും ഒരു ഉദ്ദേശമുണ്ട്, അവ ഭൂമിയെ നനയ്ക്കുകയും, വിത്തുകൾ മുളപ്പിക്കുകയും, പൂക്കൾക്ക് വസന്തമുണ്ടാക്കുകയും ചെയുന്നു. വസന്തകാലത്ത് ഭൂമിയുടെ എല്ലാ നിറങ്ങളോടും കൂടി നാം ആസ്വദിക്കുമ്പോൾ, മഴയ്ക്കും മഞ്ഞുവീഴ്ചയ്ക്കും പോലും അവയുടെ ഉദ്ദേശ്യമുണ്ടെന്ന് ഓർമ്മപ്പെടുത്തട്ടെ. മനുഷ്യനെ ദൈവവുമായി അനുരഞ്ജിപ്പിക്കുക എന്ന ഉദ്ദേശ്യം നിറവേറ്റുന്നതിനായിട്ടാണ് ദൈവത്തിന്റെ ശ്വാസത്തിൽ നിന്ന് ദൈവവചനം വരുന്നത്.

ദൈവത്തിന്റെ വാക്കുകൾ ഒരിക്കലും ശൂന്യവുമായി മടങ്ങില്ല. ദൈവവചനം, പരിശുദ്ധാത്മാവിന്റെ സഹായത്താൽ, അവന്റെ നിത്യമായ സത്യത്താൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കും. ദൈവവചനം അതിന്റെ ഉദ്ദേശ്യം നിറവേറ്റും - അത് നമ്മെ സ്വതന്ത്രരാക്കും!

ദൈവവചനമായ നസറെത്തിലെ യേശു, ദൈവത്തെ പ്രസാദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു. കർത്താവായ യേശുവിൽ മാത്രം വിശ്വാസം അർപ്പിച്ചുകൊണ്ട് നാം അവനെ സ്വീകരിക്കുമ്പോൾ, നിത്യ നരകത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കാനുള്ള ഉദ്ദേശ്യം അവൻ നിറവേറ്റുന്നു. നിങ്ങളുടെ ജീവിതത്തിലെ ദൈവത്തിന്റെ വിജയം നിങ്ങളുടെ ജീവിതത്തിലെ ദൈവവചനത്തെ ആശ്രയിച്ചിരിക്കുന്നു. അത് ശ്വസിക്കുക, അനുസരിക്കുക, ജീവിക്കുക, പങ്കിടുക.

**നിങ്ങളുടെ വെല്ലുവിളി**: നിങ്ങളുടെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് നിങ്ങളെ മോചിപ്പിക്കാൻ ദൈവവചനത്തെ അനുവദിക്കുമോ?

**പ്രാർത്ഥന:**
ദൈവമേ, പാപത്തിന്റെയും ഭയത്തിന്റെയും അടിമത്വത്തിൽ നിന്ന് പൂർണമായും സ്വതന്ത്രനാകാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ നിത്യമായ വചനം കൊണ്ട് എന്റെ മനസ്സും ഹൃദയവും നിറയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ എന്റെ ജീവിതത്തിലൂടെ ദൈവം മഹത്വപ്പെടട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

## ദിവസം 4 - വിനയം വിശുദ്ധിയിലെത്തുന്നു (യെശയ്യാവു 57: 15)

യെശയ്യാവു 57: 15 പറയുന്നു

> ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു :"ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മനസ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടിയും വസിക്കുന്നു

പത്രങ്ങൾ വായിക്കുമ്പോൾ, ദൈവം നമുക്ക് നൽകിയ അത്ഭുതകരമായ ജീവിതത്തെ അപമാനിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന എല്ലാത്തരം പ്രവൃത്തികളും നാം കാണുന്നു. കുഞ്ഞുങ്ങളെ ഗർഭച്ഛിദ്രം ചെയ്യുന്നു, സ്ത്രീകളെ ബലാത്സംഗം ചെയ്യുന്നു, കൊലപ്പെടുത്തുന്നു, തീവ്രവാദ പ്രവർത്തനങ്ങളാൽ ഗ്രാമങ്ങൾ തുടച്ചുനീക്കപ്പെടുന്നു...ചില സമയങ്ങളിൽ നമുക്ക് ചുറ്റുമുള്ള അരാജകത്വവും ദുഷിച്ച കാര്യങ്ങളും കാണുമ്പോൾ, ഞാൻ ഉറക്കെ ആശ്ചര്യപ്പെടുന്നു: നാമെല്ലാവരും പരിശുദ്ധ ദൈവത്തെക്കാൾ നിഗളികളായി നമ്മുടെ ജീവിതത്തെക്കുറിച്ച് കുറച്ച് മാത്രമേ കരുതുന്നുള്ളോ? ദാനമായ ജീവിതം നാം തകർത്തുകളയുകയും മാലിന്യക്കൂമ്പാരത്തിലേക്ക് വലിച്ചെറിയുകയും ചെയ്തോ?

നമ്മുടെ പരിശുദ്ധനായ ദൈവം താഴ്മയും അനുതപിക്കുന്നവരോടൊപ്പം വസിക്കുന്നുവെന്ന് യെശയ്യാ പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തിന്റെ സവിശേഷതകൾ വിശുദ്ധം മാത്രമല്ല, ഇന്നത്തെ ഭാഗം പറയുന്നു അവന്റെ നാമം വിശുദ്ധമാണെന്ന്. ദൈവം തന്റെ മഹത്തായ വിശുദ്ധിയിൽ താഴ്മയും മാനസാന്തരപ്പെടുന്നവരുടെ അടുത്തേക്കും എത്തിച്ചേരുന്നു.

ദൈവം ഉന്നതവും വിശുദ്ധവുമായ സ്ഥലത്ത് വസിക്കുന്നു - അതാണ് സ്തോത്രത്തിന്റെയും സ്തുതിയുടെയും ആരാധനയുടെയും സ്ഥലം. അതാണ് പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും സേവനത്തിന്റെയും സ്ഥലം. എന്നാൽ, എളിയ, അനുതാപമുള്ള ഒരു ഹൃദയത്തെ അവൻ കാണുമ്പോൾ, ദൈവം നമ്മെ പുനരുജ്ജീവിപ്പിക്കാൻ എത്തിച്ചേരുന്നു. പുനരുജ്ജീവനത്തിന്റെ ഒരു സ്പർശനത്തിനായി തയ്യാറായ ഹൃദയങ്ങളിലേക്ക് ജീവശ്വാസം വീശപ്പെടുന്നു.

**നിങ്ങളുടെ വെല്ലുവിളി**: പരിശുദ്ധ ദൈവത്തോട് നാം എങ്ങനെ താഴ്മയോടെ പ്രതികരിക്കണം? നിങ്ങൾക്കെങ്ങനെ - നിങ്ങളുടെ ജീവിതത്തിലേക്ക് ദൈവത്തിന്റെ വിശുദ്ധ പുനരുജ്ജീവനത്തിന്റെ സ്പർശം സ്വീകരിക്കാൻ നിങ്ങൾ തയ്യാറാണോ? അങ്ങനെ ആണെങ്കിൽ, നിങ്ങളുടെ പാപങ്ങളെക്കുറിച്ച് താഴ്മയുള്ളവരും അനുതപിക്കുകയുമാണ് ഏക മാർഗം. ഞാൻ പാപം ചെയ്തിട്ടില്ല, ഞാൻ നല്ലവനാണെന്ന് ദൈവത്തോട് നിങ്ങൾ പറഞ്ഞേക്കാം.

സുഹൃത്തുക്കളേ, 1 യോഹന്നാൻ 1:8 നമ്മോട് പറയുന്നു

> നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ
> നമ്മെത്തന്നേ വഞ്ചിക്കുന്നു

**പ്രാർത്ഥന:**

പരിശുദ്ധ ദൈവമേ, അങ്ങയെ മാത്രം പ്രസാദിപ്പിക്കുന്ന യഥാർത്ഥ വിനയത്തോടെ, മറ്റ് ജീവിതങ്ങളെ സ്പർശിക്കാൻ എന്നെ സഹായിക്കണമേ. അങ്ങ് എനിക്ക് നൽകിയ ജീവിതത്തെ, വേഗത്തിൽ അഭിനന്ദിക്കുവാന് എന്നെ സഹായിക്കണേ. തകർന്ന ലോകത്തിൽ ദൈവത്തിന്റെ വിശുദ്ധിയുടെ വാഹകനാകാൻ എന്നെ അഭിഷേകം ചെയ്യുക. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ആമേൻ.

# ദിവസം 5 - പീഡനസമയത്തുള്ള ബലം (മത്തായി 5:10)

മത്തായി 5:10

നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.

രണ്ടാം ലോകമഹായുദ്ധസമയത്ത് യഹൂദന്മാരെ രക്ഷപ്പെടാൻ സഹായിച്ച കോറി ടെൻ ബൂം, എന്ന ഡച്ച് വനിതയെ, ജർമ്മൻ നാസികൾ അറസ്റ്റ് ചെയ്യുകയും പീഡിപ്പിക്കുകയും ചെയ്തു. അവൾ ഒരു ഹോളോകോസ്റ്റ് അതിജീവിച്ചയാൾ ആയിരുന്നു . അവളുടെ വിശ്വാസം ദൈവത്തിൽ വളരെ ശക്തമായിരുന്നു, ഈ വിധത്തിൽ അവൾ വിശ്വാസത്തെ വിവരിക്കുന്നു:

*മൂടൽമഞ്ഞിലൂടെ കാണുന്ന റഡാർ പോലെയാണ് വിശ്വാസം - മനുഷ്യന്റെ കണ്ണിന് കാണാൻ കഴിയാത്ത അകലെയുള്ള കാര്യങ്ങളുടെ യാഥാർത്ഥ്യം.*

നമ്മുടെ കാലഘട്ടത്തിൽ പീഡനം വളരെ യഥാർത്ഥമാണെന്ന് നമുക്കറിയാം. ക്രിസ്തുവിനോട് ശത്രുത പുലർത്തുന്ന ഏഷ്യയിലെ ഒരു സർക്കാർ, സ്വകാര്യ ക്രിസ്ത്യൻ സ്കൂളുകളിൽ ചേരുന്ന കുട്ടികളെ തടഞ്ഞുകൊണ്ട് സ്വന്തം ആളുകളെ ഉപദ്രവിക്കുന്നു. പല പള്ളികളുടെ ഗോപുരത്തിന്റെ മുകളിൽ നിന്ന് കുരിശുകൾ എടുത്തു മാറ്റപ്പെടുന്നു. ഒരു ആഫ്രിക്കൻ രാജ്യത്തിലെ ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും തട്ടിക്കൊണ്ടുപോയി കൊല്ലുകയും ചെയ്യുന്നു. ദൈവസ്നേഹം പ്രകടിപ്പിക്കാത്ത ഒരു വിശ്വാസത്തിനായി ക്രിസ്ത്യൻ സ്ത്രീകൾ ക്രിസ്തുവിലുള്ള വിശ്വാസം ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു.

ക്രിസ്തുവിനുവേണ്ടി പീഡിപ്പിക്കപ്പെടുന്ന എല്ലാവരും സ്വർഗ്ഗരാജ്യം അവകാശമാക്കുമെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കാം. ദൈവത്തിന്റെ രാജകീയ സാന്നിധ്യം സന്തോഷം ഉളവാക്കുന്നു.

പീഡിപ്പിക്കപ്പെടുന്നവർക്കുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ, അവരുടെ വിശ്വാസം വർദ്ധിക്കാനും അവരുടെ ഹൃദയങ്ങളിൽ സ്തോത്രവും സന്തോഷവും നിറയുവാനും നമുക്ക് പ്രാർത്ഥിക്കാം കാരണം അവരുടെ കഷ്ടങ്ങളിൽ ദൈവം വളരെ സന്നിഹിതനാണ്.

ക്രിസ്തുവിലുള്ള നിങ്ങളുടെ നിലപാടിനായി നിങ്ങളെ ശാരീരികമായോ, വൈകാരികമായോ, ആത്മീയമായോ, സാമൂഹികമായോ ഉപദ്രവിക്കുകയാണെങ്കിൽ, നിങ്ങൾ ഒറ്റയ്ക്കല്ലെന്ന് അറിയുക. നിങ്ങളുടെ അരികിൽ അവൻ അടുത്തിരിക്കുന്നതിനാൽ ദൈവത്തിന് നന്ദി പറയുന്നത് തുടരുക. ക്രിസ്തു നിങ്ങളുടെ വേദന കാണുന്നു, അവൻ നിങ്ങളോടൊപ്പം കരയുന്നു. ധൈര്യമായിരിക്കുകയും ക്രിസ്തുവിന്റെ ശക്തിയിൽ നിലകൊള്ളുകയും ചെയ്യുക.

**നിങ്ങളുടെ വെല്ലുവിളി**: നിങ്ങളുടെ ജീവിതത്തിലോ, നിങ്ങളുടെ രാജ്യത്തിലോ ഉള്ള പീഢനങ്ങൾ നിങ്ങളുടെ ജീവിതത്തിലോ, രാജ്യത്തിന്റെ ജീവിതത്തിലോ ഉള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളിലേക്ക് കൈമാറുന്നതിനുള്ള ചില കാരണങ്ങൾ എന്തൊക്കെയാണ്?

**പ്രാർത്ഥന:**
ക്രിസ്തുവിനുവേണ്ടി പീഡിപ്പിക്കപ്പെടുന്ന ഏതൊരാൾക്കും ദൈവം സംരക്ഷണവും സമാധാനവും സന്തോഷവും നൽകട്ടെ. ലോകമെമ്പാടുമുള്ള പീഡിതർക്കുവേണ്ടി തന്റെ ഹിതമനുസരിച്ച് പ്രാർത്ഥിക്കാനും ദൈവം എന്നെ പഠിപ്പിക്കട്ടെ. കർത്താവായ യേശുക്രിസ്തുവിന്റെ നാമം ഉയർത്തപ്പെടട്ടെ.

# ദിവസം 6 - ദൈവത്തിന്റെ മനസ്സിന്നൊത്ത ഇടയന്മാർ
**(യിരെമ്യാവു 3: 15)**

ഞാൻ പല രാജ്യങ്ങളിലും പോയിട്ടുണ്ട്. ചിലപ്പോൾ ഞായറാഴ്ച്ചകളിൽ, ഞാൻ പ്രസംഗികനായിരിക്കില്ല. ആ സമയങ്ങളിൽ, അന്നത്തെ പ്രസംഗകനെ ഞാൻ ശ്രദ്ധയോടെ കേൾക്കുന്നു. ചില സമയങ്ങളിൽ, ഞായറാഴ്ച പ്രഭാഷണത്തിൽ കർത്താവായ യേശുക്രിസ്തുവിനെയും അവന്റെ വീണ്ടെടുപ്പിന്റെ പ്രവർത്തനത്തെയും പരാമർശിക്കാത്തതിനാൽ ഞാൻ ലജ്ജിച്ചു പോയിട്ടുണ്ട്.

വിശ്വാസമില്ലാത്ത ഒരു കൂട്ടം മക്കൾക്കു യിരെമ്യാവു 3: 15- ൽ ഇതാ ദൈവത്തിൽ നിന്നുള്ള അത്ഭുതകരമായ ഒരു വാഗ്ദാനം :

> ഞാൻ നിങ്ങൾക്കു എന്റെ മനസ്സിന്നൊത്ത ഇടയന്മാരെ നൽകും; അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടെ മേയിക്കും.

കുടുംബം, സഭ, സംഘടനകൾ, രാഷ്ട്രങ്ങൾ എന്നിവയൊക്കെയായി അവിടുന്ന് നമ്മെ നേതാക്കളാക്കിയിട്ടുണ്ടെങ്കിൽ, അവിടുന്ന് നമ്മെ ഭരമേല്പിച്ച ആളുകളെ മേയിക്കാൻ അവിടുന്ന് നമ്മെ വിളിച്ചിട്ടുണ്ടെന്ന് ദൈവം ഓർമ്മിപ്പിക്കുന്നു; ദൈവവചനം പഠിക്കുന്നതിലും മനസ്സിലാക്കുന്നതിലും പ്രയോഗിക്കുന്നതിലും ഏർപ്പെടേണ്ട ഉത്തരവാദിത്തം നമുക്കും ഉണ്ട്. ദൈവത്തിന്റെ ഹൃദയം ജാതികൾക്കുള്ളതാണ്, അതുകൊണ്ടാണ് ക്രൂശിൽ മരിക്കാനുള്ള പകരക്കാരനായി തന്റെ ഏകജാതനായ യേശുക്രിസ്തുവിനെ അവൻ നൽകിയത്. ദൈവത്തിന്റെ ഹൃദയവും ഈ വീണ്ടെടുക്കൽ പ്രവൃത്തി ചെയ്യാനുള്ള സന്നദ്ധതയും ലോകത്തോടുള്ള അവന്റെ ആഴമായ സ്നേഹത്തെ വെളിപ്പെടുത്തുന്നു. ദൈവം ക്ഷമിക്കുകയും നമ്മെ അഭിവൃദ്ധിപ്പെടുത്താൻ വലിയ പദ്ധതി നമുക്കായി ഒരുക്കുകയും ചെയ്യുന്നു.

ഇസ്രായേല്യരെപ്പോലെ നാം അവിശ്വസ്തരായിരിക്കുമ്പോഴും ദൈവം കരുണയുള്ളവനാകാൻ വിശ്വസ്തനായി തുടരുന്നുവെന്ന് നാം മനസ്സിലാക്കുന്നു.

**നിങ്ങളുടെ വെല്ലുവിളി**: ദൈവത്തിന്റെ മനസ്സിന്നൊത്ത ഒരു പുരുഷനോ സ്ത്രീയോ ആണെങ്കിൽ എന്തൊക്കെ മാറ്റങ്ങൾ ജീവിതത്തിൽ വരുത്താം?

**പ്രാർത്ഥന:**
ദൈവമേ, അങ്ങയുടെ സ്നേഹത്തിന്റെ വഴി ഞാൻ പാലിക്കാതിരുന്നത് എന്നോട് ക്ഷമിക്കണമേ. ഒരു ഇടയന്റെ സേവനഹൃദയം ഞാൻ ആഗ്രഹിക്കുന്നു. അറിവും വിവേകവും ലഭിക്കാൻ ഞാൻ അങ്ങയുടെ കാൽക്കൽ ഇരിക്കുമ്പോൾ എനിക്ക് അങ്ങയുടെ ജ്ഞാനത്തെ നൽകണമേ. അങ്ങയുടെ ജനത്തെ, ക്രിസ്തുവിന്റെ സ്വരൂപത്തിൽ അനുരൂപമാക്കുന്നതിലേക്ക് നയിക്കുവാനും താഴ്മയോടെയും സത്യസന്ധമായും സേവിക്കുവാനും ഞാൻ ദിവസവും ആഗ്രഹിക്കുന്നു. എല്ലാ നല്ല പ്രവൃത്തികളും ചെയ്യാനുള്ള പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിനും മാർഗനിർദേശത്തിനും നന്ദി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവം എന്റെ ജീവിതത്തിൽ മഹത്വപ്പെടട്ടെ. ആമേൻ.

## ദിവസം 7 - കർത്താവിൽ ആനന്ദിച്ചു കൊൾക (സങ്കീർത്തനം 37:3-4)

**സങ്കീർത്തനം 37:3-4**

3. യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക.
4. യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

എന്റെ ഡോക്ടറൽ പ്രോഗ്രാം പൂർത്തിയാക്കുമ്പോൾ എന്റെ ഫീസ് എങ്ങനെ നല്കാൻ പറ്റുമായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. എന്റെ ഫണ്ടുകളിൽ ഭൂരിഭാഗവും പലപ്പോഴും ശുശ്രൂഷവേലയുടെ യാത്രകൾക്കായി ഉപയോഗിക്കുന്നതിനാൽ, എന്റെ അവസാന വർഷത്തിൽ വളരെ വലിയ തുക അടയ്ക്കാൻ എനിക്ക് ഫണ്ടില്ലായിരുന്നു.

എന്റെ പഠന ആവശ്യങ്ങൾക്കായി എന്റെ നിലവിലെ ഫണ്ടുകളിൽ തൊടരുതെന്ന് ഞാൻ ഉദ്ദേശിച്ചിരുന്നു. ദൈവം എനിക്കായി പദ്ധതി ഒരുക്കിയതുപോലെ ശുശ്രൂഷ തുടരണം. പാസ്റ്റർമാരെയും സഭാ നേതാക്കളെയും സജ്ജരാക്കുന്നതിനായി സമുദ്രം കടന്നുള്ള യാത്രകൾ ധാരാളം ഉണ്ടായിരുന്നു.

ഞാൻ എന്റെ ഒരു നല്ല സുഹൃത്തിനോടൊപ്പം കടൽത്തീരത്ത് നടക്കുകയായിരുന്നു, ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവൾ പെട്ടെന്ന് എന്നെ തടഞ്ഞു, എന്റെ പഠനത്തെ പിന്തുണയ്ക്കാൻ ദൈവം തന്നെ മതിപ്പുളവാക്കി എന്ന് അവൾ പറഞ്ഞു. രണ്ടു ദിവസത്തിനുശേഷം, മറ്റൊരു രാജ്യത്തുള്ള എന്റെ ശിഷ്യന്മാരിൽ നിന്ന് എനിക്ക് ഒരു സന്ദേശം ലഭിച്ചു. എന്റെ പഠന ഫീസിലേക്ക് സംഭാവന ചെയ്യാൻ അവരെയും ദൈവാത്മാവ് മതിപ്പുളവാക്കി.

ഏഴു ദിവസത്തിനുള്ളിൽ ദൈവം ഇത്രയും വലിയ തുക നൽകിയതിൽ ഞാൻ അത്ഭുതപ്പെട്ടു. അതിലുപരിയായി, ദൈവം എന്നെ മാനിച്ചുവെന്ന് ഞാൻ വിശ്വസിച്ചു, കാരണം ഞാൻ ദൈവത്തിൽ രസിക്കുവാനും, ആനന്ദിക്കാനും അവൻ ആരാണെന്ന് വിശ്വസിക്കുന്നതിൽ സന്തോഷം കണ്ടെത്താനും തിരഞ്ഞെടുത്തു. ദൈവം എപ്പോഴും നല്ലവനും വിശ്വസ്തനുമാണ്. അവന്റെ എന്ന് വിളിക്കപ്പെടുന്നതിന് ഞാൻ നന്ദിയുള്ളവളാണ്. നിങ്ങൾക്കോ?

സങ്കീർത്തനം 37: 3 നമ്മെ കർത്താവിൽ **വിശ്വസിക്കാനും** നമ്മുടെ വിശ്വാസം പ്രവൃത്തികളാക്കി മാറ്റാനും ഉദ്ബോധിപ്പിക്കുന്നു. ദൈവം നമ്മെ സ്ഥാനപ്പെടുത്തിയ പ്രദേശങ്ങളിൽ ദൈവത്തോട് വിശ്വസ്തത പുലർത്തണമെന്ന ഉദ്ദേശം നമുക്കെല്ലാവർക്കും ഉണ്ട്. ക്രിസ്തുവിന്റെ സ്വരൂപത്തിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുവാനും, അവൻ നമ്മെ സ്ഥാനീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അവിടുത്തെ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും, നന്മ ചെയ്യാൻ അവിടുത്തെ പരിശുദ്ധാത്മാവിനാൽ നമ്മെ പഠിപ്പിക്കാനും നമുക്ക് ദൈവത്തിൽ ആശ്രയിക്കാം.

**നിങ്ങളുടെ വെല്ലുവിളി**: ഇന്ന് ദൈവസന്നിധിയിൽ സമർപ്പിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്ന ഹൃദയത്തിന്റെ ചില ആഗ്രഹങ്ങൾ എന്തൊക്കെയാണ്?

**പ്രാർത്ഥന:**
ദൈവമേ, നന്ദി, അങ്ങയുടെ സാന്നിദ്ധ്യം എന്റെ അനുഗ്രഹമാണ്. അങ്ങയുടെ പരിപൂർണ്ണ ഇച്ഛയിൽ ഉള്ള എന്റെ ഹൃദയത്തിന്റെ ആഗ്രഹങ്ങൾ അങ്ങ് എനിക്കു തരുമെന്ന് വിശ്വസിക്കാൻ വേണ്ടത്ര വിശ്വാസം എനിക്കു നൽകണമേ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആമേൻ.

# ദിവസം 8 - ദൈവത്തെ അറിയാൻ നിശ്ചലമായിരിക്കുക

**(സങ്കീർത്തനം 46:10)**

ഇന്നത്തെ ഹ്രസ്വ ഭക്തിസന്ദേശം, നിങ്ങളിൽ മധ്യസ്ഥരായവരുമായി പ്രതിധ്വനിച്ചേക്കാം. സങ്കീർത്തനം 46: 10 ൽ ലളിതവും എന്നാൽ ശക്തവുമായ ഒരു വാക്യമാണ് എനിക്ക് ഉള്ളത്.

> മിണ്ടാതിരുന്നു, ഞാൻ ദൈവമെന്നു അറിഞ്ഞു കൊൾവിൻ ;
> ഞാൻ ജാതികളുടെ ഇടയിൽ ഉന്നതൻ ആകും;
> ഞാൻ ഭൂമിയിൽ ഉന്നതൻ ആകും.

1994 മുതൽ ഒരു സഭാ നേതാവ് എന്നെ ശിഷ്യനാക്കിയപ്പോൾ മുതൽ ഞാൻ ഒരു മദ്ധ്യസ്ഥനാണ്. അതിനുശേഷം, കർത്താവായ യേശുക്രിസ്തുവിനെ കണ്ടുമുട്ടാൻ പ്രഭാതത്തിനുമുമ്പ് എഴുന്നേൽക്കുന്നത് സാധാരണമാണ്. അതിരാവിലെ ശാന്തമായ സമയങ്ങളിൽ, നമുക്ക് നിശ്ചലമായിരിക്കാനും അവൻ ദൈവമാണെന്ന് അറിയാനും കഴിയും.

അവിടുത്തെ സന്നിധിയിൽ ആയിരിക്കുകയും അവന്റെ സമാധാനവും സ്നേഹവും സന്തോഷവും കൊണ്ട് നിറയുകയും ചെയ്യുന്നത് ഒരു അമാനുഷിക നിമിഷമാണ്. അഗാധമായ നിശബ്ദതയുടെ ആ നിമിഷത്തിൽ നമ്മൾ ദൈവവുമായി ബന്ധപ്പെടുന്നു, മാത്രമല്ല നമ്മുടെ ശ്വാസം പോലും കേൾക്കാൻ കഴിയും!

അവന്റെ ശബ്ദം കേൾക്കുമ്പോൾ നമ്മുടെ ആത്മാവ് സന്തോഷത്തോടൊപ്പം ചാടിവീഴുകയും നാം അവനെ ഉയർത്തുകയും ചെയ്യുന്നു! അവൻ അടുത്തുള്ളതിനാൽ നാം അവനെ ഉയർത്തുന്നു; അവന്റെ സാന്നിദ്ധ്യം നമ്മളിലും നമ്മളിലൂടെയും വ്യാപിക്കുന്നു. നമ്മുടെ പ്രതികരണങ്ങൾ വ്യത്യസ്തമായിരിക്കാം - അവന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞാൽ നാം കരയുകയോ ചിരിക്കുകയോ പുഞ്ചിരിക്കുകയോ ചെയ്യാം. നിങ്ങൾ പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്ന യേശുവിനോടൊപ്പമുള്ള അമാനുഷിക നിമിഷങ്ങൾ ഇവയൊക്കെയാണ്. നമ്മെ സ്നേഹിക്കുന്ന ദൈവവുമായുള്ള വിലയേറിയ നിമിഷങ്ങളാണിവ.

ഒരു പ്രാവശ്യം, ഞാൻ ദൈവവുമായിട്ടു ആലോചിച്ചപ്പോൾ ഇങ്ങനെയാണ് കൂടുതൽ എഴുതാൻ അവിടുന്ന് എന്നെ നയിച്ചത്:

“ദൈവകൃപയെക്കുറിച്ച് ആലോചിക്കുമ്പോൾ -
ദൈവം നൽകിയ അർഹതയില്ലാത്ത പ്രീതി.
നിത്യമരണത്തിന് അർഹത, എന്നാൽ നിത്യജീവൻ എന്ന
കൃപാവരം
ദൈവപുത്രനായ യേശുവിൽ നിങ്ങൾ വിശ്വസിക്കാൻ
തീരുമാനിച്ചപ്പോൾ
ഇപ്പോൾ കൃപയാൽ ശുദ്ധമാക്കപ്പെടുകയും
പരിശുദ്ധാത്മാവ് നിങ്ങളുടെ വഴികാട്ടി ആയിരിക്കട്ടെ.

തികച്ചും കൃപയാലുള്ള പ്രീതി
എന്നിരുന്നാലും, ആസ്വദിച്ചത് കൂടുതൽ മുന്നോട്ടുള്ള
ഒരു ചെറിയ ഭാഗം മാത്രമാണ്
നിങ്ങളുടെ ജീവിതകാലം മുഴുവൻ ഇപ്പോൾ വഴങ്ങുക
പരിശുദ്ധാത്മാവ് നിങ്ങളുടെ വഴികാട്ടിയാകട്ടെ.”

**നിങ്ങളുടെ വെല്ലുവിളി**:
ദൈവമുമ്പാകെ നിശ്ചലമായിരിക്കാൻ , മിണ്ടാതിരിക്കാൻ പ്രയാസമുണ്ടോ? ദൈവവുമായി നിത്യമൂല്യമുള്ള നിമിഷങ്ങൾ ആസ്വദിക്കാനായി നിങ്ങളുടെ ജീവിത ശൈലിയിൽ നിങ്ങൾ എന്ത് മാറ്റങ്ങൾ വരുത്തും?

**പ്രാർത്ഥന:**
ദൈവമേ, ഞാൻ നിന്നോടുകൂടെ സമയം ചെലവഴിക്കാത്തപ്പോൾ എന്നോട് ക്ഷമിക്കണമേ. നിന്റെ വചനം കേൾക്കാൻ എന്റെ കാതുകളെ അഭിഷേകം ചെയ്യുക, എന്റെ ഹൃദയത്തിൽ മധ്യസ്ഥതയ്ക്കായി ഒരു പുതിയ അഭിനിവേശം പകരുക. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ

## ദിവസം 9 - ഭയമില്ല! (2 തിമൊഥെയൊസ് 1: 7)

2 തിമൊഥെയൊസ് 1: 7

> ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു.

കഴിഞ്ഞ കുറച്ച് മാസങ്ങളിലും വർഷങ്ങളിലും പലതവണ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കാൻ, മറ്റുള്ളവരെയും നമ്മെയും പ്രോത്സാഹിപ്പിക്കുന്നതിന് നാം 2 തിമോത്തി 1:7 ഉപയോഗിക്കുന്നുണ്ടാകാം.

കർത്താവായ യേശുക്രിസ്തുവിന്റെ യഥാർത്ഥ വിശ്വാസിയും അനുയായിയും ആയിരിക്കുന്നതിന്റെ ഒരു നല്ല ഭാഗം, നമ്മുടെ ദൈവമല്ലാതെ മറ്റെന്തിനെയും അല്ലെങ്കിൽ മറ്റാരെയും നാം ഭയപ്പെടേണ്ടതില്ല എന്നതാണ്. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം ഈ സത്യം വിശ്വസിക്കണം. അത്തരമൊരു ശക്തമായ ആത്മവിശ്വാസം നമുക്ക് ക്രിസ്തുവിൽ കണ്ടെത്താം. ക്രിസ്തുവിന്റെ വഴിയല്ലാതെ എനിക്ക് മറ്റൊരു മാർഗവും പിന്തുടരാൻ കഴിയില്ല. ശക്തി, തികഞ്ഞ സ്നേഹം, ആത്മനിയന്ത്രണം എന്നിവ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മൾ സ്വീകരിക്കുകയും പ്രയോഗിക്കുകയും ചെയ്യണം.

ദൈവം നൽകിയ ശക്തിയുമായി ഒരിക്കലും പൊരുത്തപ്പെടാൻ കഴിയാത്തതിനാൽ നമ്മുടെ വ്യക്തിപരമായ ശക്തിയിൽ നാം ഒന്നും ശ്രമിക്കരുത്. ഇത് നമ്മൾ ദിവസവും ചെയ്യുന്ന ഒരു തിരഞ്ഞെടുപ്പാണ്. നമുക്ക് പരിചിതമായ സ്നേഹത്തിൽ നിന്ന് നമുക്ക് പ്രവർത്തിക്കാൻ കഴിയും, ഈ സ്നേഹത്തിന് ശുദ്ധമായ ഉദ്ദേശ്യങ്ങളില്ലായിരിക്കാം അല്ലെങ്കിൽ ശുദ്ധമായ ദൈവസ്നേഹത്തിൻറെ സാരാംശത്തിൽ നിന്ന് നമുക്ക് പ്രവർത്തിക്കാൻ കഴിയണം.

പല വിധത്തിൽ ആത്മനിയന്ത്രണം നടത്താൻ ദൈവസ്നേഹത്തിന് നമ്മളെ സഹായിക്കാൻ കഴിയും - ഞാൻ നിങ്ങളെ ദൈവസ്നേഹത്താൽ സ്നേഹിക്കുന്നതുകൊണ്ടു, പരിശുദ്ധാത്മാവിന്റെ സഹായത്തോടെ എനിക്ക് ആത്മനിയന്ത്രണം നടത്താൻ കഴിയും. വേദനിപ്പിക്കുന്ന വാക്കുകൾ സംസാരിക്കാതിരിക്കാനോ നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്താതിരിക്കാനോ എനിക്ക് തിരഞ്ഞെടുക്കാം.

ആത്മനിയന്ത്രണം ഒരു ശക്തമായ സമ്മാനമാണ്, അത് കൂടാതെ നമ്മുടെ ജീവിതം മുഴുവൻ താറുമാറാകും. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ദൈവത്തിലും, ദൈവത്തിനുവേണ്ടിയും നിർഭയരായിരിക്കാൻ നമ്മെ സ്ഥാനപ്പെടുത്തുന്നു. നമ്മുടെ ഭയം ദൈവത്തോട് മാത്രമായിരിക്കണം - അത് ആരാധനയുടെയും ഭക്തിയുടെയും സംയോജനമാണ്. ദൈവത്തിന്റേതല്ലാത്ത ഒരു കാര്യത്തെയും നമ്മൾ ഭയപ്പെടുകയില്ല.

**നിങ്ങളുടെ വെല്ലുവിളി**: ജീവിതത്തിലും / അല്ലെങ്കിൽ ശുശ്രൂഷയിലും ദൈവവുമായി ഉയരുന്നതിൽ നിന്ന് നിങ്ങളെ തടയുന്ന ചില ഭയങ്ങൾ എന്തൊക്കെയാണ്?

**പ്രാർത്ഥന:**
എന്റെ ഭയങ്ങളെല്ലാം (പേര് പ്രകാരം പട്ടികപ്പെടുത്തുക) കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ സ്ഥാപിക്കുന്നു. എന്നിൽ ദൈവഭയം മാത്രം ഉണ്ടായിരിക്കണമെന്നാണ് എന്റെ ആഗ്രഹം.ദൈവമേ അങ്ങയുടെ ശക്തിയും സ്നേഹത്തിന്റെ ആത്മാവും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ആത്മനിയന്ത്രണവും എന്റെ മീതെ, എന്റെ കുടുംബത്തിന്റെ മീതെ, എന്റെ സുഹൃത്തുക്കളുടെ മീതെ എന്റെ ജനങ്ങളുടെ മീതെ, പകരണമേ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ!

## ദിവസം 10 - ദൈവം നമുക്ക് അനുകൂലം (റോമർ 8: 31-32)

ഇത് പ്രയാസകരമായ ദിവസങ്ങളാണ് .ലോകം പലവിധത്തിൽ വേദനയോടെ നെടുവീർപ്പിടുന്നത് നാം കാണുന്നു.
റോമർ 8: 31-32-ൽ പൗലോസ് അപ്പസ്തോലൻ നമ്മെ വെല്ലുവിളിക്കുന്നു:

> 31 ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? ദൈവം നമുക്കു അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ?
> 32 സ്വന്തപുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ?

ഈ വാക്യങ്ങൾ അങ്ങേയറ്റം ശാക്തീകരിക്കുന്നതായി ഞാൻ കാണുന്നു. ഇത് ക്രിസ്തുവിന്റെ അനുഗാമിയാകാൻ നമ്മെ അത്യന്തം അനുഗ്രഹിക്കുകയും ചെയ്യുന്നു. എല്ലാ ദൈവങ്ങൾക്കും ഉപരിയായ ഒരു ദൈവത്തെ നാം ആരാധിക്കുന്നുവെന്ന് നാം മനസ്സിലാക്കണം. അവനെപ്പോലെ ആരുമില്ല.

ഇത് സത്യമാണ്. തന്റെ ഏകജാതനായ പുത്രനായ നസറെത്തിലെ യേശുക്രിസ്തുവിനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതരാൻ ദൈവത്തിന് കഴിയുമെങ്കിൽ, അവിടുത്തെ കൃപ നമ്മുടെമേൽ ചൊരിയാനും അവന്റെ ഹിതമനുസരിച്ച് എല്ലാം നൽകാനും അവനു കഴിയും. ദൈവം നമുക്കുവേണ്ടി കരുതി വെച്ചിരിക്കുന്ന എല്ലാറ്റിന്റെയും ഒരു ചെറിയ പ്രതിഫലനം മാത്രമാണ് ഇത്. അതെ, യഥാർത്ഥ ക്രിസ്തീയ വിശ്വാസം, ദൈവം എപ്പോഴും നല്ലവനാണെന്നും എല്ലായ്പ്പോഴും വിജയിയാണെന്നും, അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു.

ദൈവം നമ്മുടെ ശക്തിയും ആത്മവിശ്വാസവുമാണ്. സൃഷ്ടിയുടെ കാലം മുതൽ ദൈവം നമുക്ക് വേണ്ടി ഉണ്ട്. മനുഷ്യരാശിയുടെ പതനത്തിലൂടെയും ദൈവം നമുക്ക് വേണ്ടി ഉണ്ട്. തലമുറകളിലൂടെയും ദൈവം നമുക്കുവേണ്ടി തുടരുന്നു, കാരണം ദൈവം സ്നേഹമാണ്.

സുഹൃത്തുക്കളേ, നമ്മൾ ദൈവത്തോടൊപ്പമുള്ളപ്പോൾ, നമ്മൾ വിജയിക്കുന്ന ഭാഗത്താണ്. തീർച്ചയായും, നമ്മൾ ദൈവത്തിലും ദൈവത്തിനു വേണ്ടിയും ചാമ്പ്യന്മാരാണ്. എന്നാൽ വിജയികൾക്ക് ചില നിയമങ്ങളും പരിശീലന ഷെഡ്യൂളുകളും പാലിക്കേണ്ടതുണ്ട്, അതിലൂടെ അവർക്ക് വിജയകരമായി അവസാനിപ്പിക്കാൻ കഴിയും.

**നിങ്ങളുടെ വെല്ലുവിളി**: നിങ്ങൾ ദൈവത്തോട് ചോദിക്കുന്ന അദൃശ്യവും സ്പഷ്ടവുമായ ചില കാര്യങ്ങൾ എന്തൊക്കെയാണ്? അവിടുത്തെ ഹിതമനുസരിച്ച് ദാനങ്ങൾ മാത്രം സ്വീകരിക്കാനും നിങ്ങൾക്ക് ആവശ്യമില്ലാത്ത മറ്റെന്തെങ്കിലും വേണ്ടെന്നു വെക്കുവാനും നിങ്ങൾ തയ്യാറാണോ?

**പ്രാർത്ഥന:**
ദൈവമേ, അങ്ങ് എന്നെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് മനസ്സിലാക്കാൻ എന്നെ സഹായിക്കണമേ. സ്വർഗത്തിൽ നിന്നുള്ള എല്ലാ നല്ല ദാനങ്ങളും എനിക്ക് നൽകിയതിന് നന്ദി. സത്യത്തിലും നീതിയിലും നടക്കാനും എനിക്കു തന്നിരിക്കുന്ന എല്ലാ ദാനങ്ങളും അനുഗ്രഹങ്ങളും അങ്ങയുടെ മഹത്വത്തിനായി വിശ്വസ്തതയോടെ ഉപയോഗിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സഹായിക്കണമേ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തുവിന്റെ ചാമ്പ്യന്മാരാകാനുള്ള പരിശീലത്തിനുള്ള ധൈര്യം എനിക്ക് നൽകണമേ. ആമേൻ.

## ദിവസം 11 - കർത്താവ് വാഴുന്നു (1 ദിനവൃത്താന്തം 16:31)

നിങ്ങൾ പുറത്തു നടക്കാൻ പോയിട്ടുണ്ടോ? ഭൂമിയുടെ മനോഹരമായ നിറങ്ങൾ നിങ്ങൾ കാണുന്നുണ്ടോ? നിങ്ങളുടെ കണ്ണുകൾ പൂക്കളുടെ മനോഹരമായ നിറങ്ങളിൽ വിരുന്നു കഴിക്കുകയും വർണ്ണാഭമായ പക്ഷികളുടെ സന്ദർശനങ്ങൾ ആസ്വദിക്കുകയും ചെയ്തുവെന്ന് ഞാൻ ശരിക്കും പ്രതീക്ഷിക്കുന്നു. ശുദ്ധവായു ശ്വസിക്കാൻ നിങ്ങൾ സമയമെടുത്തുവെന്നും പ്രകൃതി സൗന്ദര്യത്തിൽ നിങ്ങളുടെ കണ്ണുകൾ പുഞ്ചിരിക്കട്ടെ എന്നും ഞാൻ പ്രതീക്ഷിക്കുന്നു.

1 ദിനവൃത്താന്തം 16:31 നാം വായിക്കുമ്പോൾ അത് നമ്മുടെ ആത്മാവിനെ ഉയർത്തുന്നു:

> സ്വർഗ്ഗം ആനന്ദിക്കട്ടെ; ഭൂമി ഉല്ലസിക്കട്ടെ; യഹോവ വാഴുന്നു എന്നു ജാതികളുടെ മദ്ധ്യേ ഘോഷിക്കട്ടെ.

എത്ര പ്രയാസകരമായ സമയങ്ങളാണെങ്കിലും, നിങ്ങൾ ആകാശത്തേക്ക് നോക്കുകയും നീലാകാശം കാണുകയും ചെയ്യുമ്പോൾ, ദൈവത്തിന്റെ കലാസൃഷ്ടിയുടെ പൂർണ്ണ സൗന്ദര്യം നമ്മുടെ മുഖത്ത് പുഞ്ചിരി വിടർത്തുന്നുവെന്ന് സങ്കൽപ്പിക്കുക. നിങ്ങൾക്ക് ചുറ്റും നോക്കുമ്പോൾ യൂറോപ്പിലെ പച്ച മരങ്ങളും കുറ്റിക്കാടുകളും, മിഡിൽ ഈസ്റ്റിലെ മണൽ മരുഭൂമി, കരീബിയൻ കടലിന്റെ നീല ജലം, ഏഷ്യൻ നഗരങ്ങളിൽ സൂര്യനെ സ്പർശിക്കാൻ ഉയരമുള്ള കെട്ടിടങ്ങൾ അല്ലെങ്കിൽ ആഫ്രിക്കയിലെ വിശാലമായ ദേശങ്ങളിൽ ചെളിയും ഇലയും കൊണ്ട് നിർമ്മിച്ച ചെറിയ വീട് കാണുമ്പോൾ, ഒരു പരമാധികാര ദൈവത്തിന്റെ മുമ്പാകെ നാം ആശ്ചര്യപ്പെട്ടു നില്ക്കും.

സമയമാകുമ്പോൾ യേശു കർത്താവാണെന്ന് എല്ലാ ജനതകളും അംഗീകരിക്കാൻ പോകുന്നു. അതുവരെ, എപ്പോഴും ഓർക്കുക, പരമോന്നത കമാൻഡർ, എല്ലാ ജനതകളുടെയും രാജാക്കന്മാരുടെ രാജാവ്, എന്നത് എല്ലാ ജനതകളെയും സൃഷ്ടിച്ച ഏക ദൈവം ആണ്!

ലോകം മുഴുവൻ നിരവധി പ്രതിസന്ധികളിലൂടെ വേദന അനുഭവിക്കുമ്പോൾത്തന്നെ, കർത്താവായ യേശുവിന്റെ അനുഗാമികൾ എന്ന നിലയിൽ റോസാപ്പൂവിന്റെ മണം പിടിക്കാനും പക്ഷികൾ പാടുന്നത് കേൾക്കാനും നമുക്ക് സമയമെടുക്കാം.

**നിങ്ങളുടെ വെല്ലുവിളി:** ഈ ഹ്രസ്വ ഭക്തി സന്ദേശത്തിനു ശേഷം, വളരെ കഠിനമായി മഴ പെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ വീട്ടിൽ നിന്ന് പുറത്തുകടക്കുക. നിങ്ങളുടെ കൈകൾ ആകാശത്തേക്ക് ഉയർത്തി ദൈവത്തെ സ്തുതിക്കുക. ശുദ്ധവായു ശ്വസിക്കുക. നിങ്ങൾ എവിടെയാണോ മഴ പെയ്യുന്നതെങ്കിൽ, അവിടെ മഴയുടെ ഭംഗി ആസ്വദിക്കുക, അങ്ങനെയാണ് ദൈവകൃപയിൽ നമ്മൾ മുഴുകുമ്പോൾ ദൈവാത്മാവ് നമ്മിൽ പതിക്കുക.

**പ്രാർത്ഥന:**
വാഴുന്ന ദൈവത്തിന്റെ കാഴ്ച നമ്മിൽ നിന്നും ഒരിക്കലും നഷ്ടപ്പെടാതിരിക്കട്ടെ! നമുക്ക് ചുറ്റും നോക്കുകയും ദൈവത്തിന്റെ മനോഹരമായ സൃഷ്ടി കാണുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയത്തിൽ സന്തോഷവും മുഖത്ത് പുഞ്ചിരിയും നിറയട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങൾ ഹല്ലേലൂയാ പറയുകയും പാടുകയും ചെയ്യുന്നു!

## ദിവസം 12 - ദൈവത്തിന്റെ ജനമായി (യിരെമ്യാവു 30:22)

ഇന്നത്തെ വാക്യം ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് വെളിപ്പെടുത്തുന്നു. ഈ വാക്യം ആദ്യം ഇസ്രായേല്യരെ അഭിസംബോധന ചെയ്തു; അവരെ അനുഗ്രഹിക്കാനുള്ള തന്റെ ഉടമ്പടിയെക്കുറിച്ച് ദൈവം അവരെ ഓർമ്മപ്പെടുത്തുന്നു, എന്നാൽ ഇത് മിശിഹായിലൂടെ നടക്കും.

ഞാനടക്കം ക്രിസ്തുവിനെ സ്വീകരിച്ച നമ്മളിൽ, എത്രപേർക്ക്, നാം ദൈവത്തിൽ നിന്ന് അകന്നുപോയെന്ന്, ഓർമിക്കാൻ കഴിയുമെന്ന് ഞാൻ ചിന്തിക്കുന്നു. ചിലപ്പോൾ, ക്രിസ്തുവിനെ സ്വീകരിച്ച് സ്നാനമേറ്റതിനുശേഷവും, നാം തിരുവെഴുത്തു സത്യങ്ങളെ സംശയിക്കുകയും, അവിശ്വസിക്കുകയും, അനുസരിക്കാതിരിക്കുകയും ചെയ്യുന്നു. നാം അവനിൽ നിന്ന് അകന്നുപോകാൻ ദൈവം ആഗ്രഹിക്കാത്തതിനാൽ ഇത് ദുഃഖകരമാണ്.

എന്നിരുന്നാലും, ദൈവം ഇസ്രായേല്യരെ ഓർമ്മിപ്പിച്ചതുപോലെ, യിരെമ്യാവു 30:22 ലൂടെ അവൻ ഇന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു:

> നിങ്ങൾ എന്റെ ജനമായിരിക്കും, ഞാൻ നിങ്ങളുടെ ദൈവമായിരിക്കും.

വളരെ വ്യക്തിപരമായ ഒരു ദൈവത്തെ ആണ് നാം ആരാധിക്കുന്നുവെന്ന് നമ്മുക്കറിയാമോ? അവൻ പറഞ്ഞു ... "എന്റെ ജനത", യേശുവിൽ വ്യക്തിപരമായ വിശ്വാസം അർപ്പിച്ചുകൊണ്ട് മാത്രമേ നമുക്ക് ദൈവജനമാകാൻ കഴിയൂ.

ശ്രദ്ധിക്കൂ, നിങ്ങൾക്ക് വേണ്ടി യേശുവിനെ ദൈവപുത്രനും കർത്താവും രക്ഷകനുമായി മറ്റാർക്കും അംഗീകരിക്കാൻ കഴിയില്ല. തീരുമാനം കർശനമായി നിങ്ങളുടേതാണ്. കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുമ്പോഴാണ് നാം ദൈവമക്കളാണെന്ന പരിശുദ്ധാത്മാവിന്റെ ഉറപ്പ് ലഭിക്കുന്നത്. ദൈവം നമ്മുടെ അബ്ബയാണെന്ന് നമുക്കറിയാം.

അതിനാൽ, എല്ലാ ദൈവജനവും സർവശക്തനായ ദൈവത്തിന് കീഴടങ്ങേണ്ടതുണ്ട്. ക്രൂശിൽ മരിച്ച് മൂന്നുദിവസം സംസ്കരിച്ചതിന് ശേഷം ഉയിർത്തെഴുന്നേറ്റ കർത്താവായ യേശുവിനു ഒരിക്കലും നിങ്ങളെ തന്നെ സമർപ്പിച്ചിട്ടില്ലെങ്കിൽ, **ഇപ്പോൾ** ഒരു മഹത്തായ സമയമാണ്.

**നിങ്ങളുടെ വെല്ലുവിളി :** ദൈവത്തിന്റെ "ജനമായി "രിക്കുക എന്നത് നിങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത്?

**പ്രാർത്ഥന**:
(നിങ്ങൾ ആദ്യമായി ക്രിസ്തുവിനെ സ്വീകരിക്കുകയാണെങ്കിൽ):
സ്വർഗ്ഗീയപിതാവേ, എന്റെ എല്ലാ പാപങ്ങൾ കഴുകിക്കളയാനായിട്ടു എനിക്കുവേണ്ടി ക്രൂശിൽ മരിച്ച്, രക്തം ചൊരിഞ്ഞ അങ്ങയുടെ പുത്രനായ യേശുവിനു നന്ദി. എന്റെ എല്ലാ തെറ്റുകൾക്കും ഞാൻ ഖേദിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസത്താൽ അങ്ങയുടെ പാപക്ഷമ ഞാൻ സ്വീകരിക്കുന്നു. യേശു എന്റെ ജീവിതത്തിന്റെ കർത്താവും രക്ഷകനുമാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ക്രിസ്തുവിന്റെ ജീവിതം നയിക്കാൻ എന്നെ സഹായിക്കണമേ. എന്നെ അങ്ങയുടെ പൈതലാക്കിയതിനും അങ്ങയെക്കുറിച്ച് കൂടുതലറിയുന്നതിനും അങ്ങയെ സേവിക്കുന്നതിനും എനിക്ക് അവസരം നൽകിയതിന് നന്ദി. അങ്ങയുടെ മഹത്വത്തിനും എന്റെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും ആമേൻ .

# ദിവസം 13 - സ്രഷ്ടാവായ ദൈവത്തെ വിളിച്ചപേക്ഷിപ്പിൻ

**(യിരെമ്യാവു 33: 2-3)**

വിവർത്തകി : റേച്ചൽ ചിന്തു (ഇന്ത്യ)

പലരും ആരാധിക്കുന്നത് സൃഷ്ടിക്കപ്പെട്ട കാര്യങ്ങളാണ് - സ്വയം, പണം, ജോലി, കാരണങ്ങൾ, സൂപ്പർതാരങ്ങൾ, അഭിനേതാക്കൾ, പ്രതിമകൾ എന്നിവപോലും. ഞാൻ ഇപ്പോൾ സൂചിപ്പിച്ചതെല്ലാം ദൈവത്തിന്റെ സ്ഥാനം എടുക്കുകയും വിഗ്രഹങ്ങളും ആണ്. ദൈവത്തിനു പകരം വിഗ്രഹങ്ങൾ ഒരു കേന്ദ്രമായിത്തീർന്നിരിക്കുന്നു, സ്രഷ്ടാവാണ് നമ്മുടെ ആരാധനയുടെ കേന്ദ്രം.

സ്രഷ്ടാവായ ദൈവത്തെ ആരാധിക്കാനുള്ള വാതിൽ തുറക്കുമ്പോൾ ആരെങ്കിലും സൃഷ്ടിച്ച വസ്തുക്കളെ ആരാധിക്കാൻ ആഗ്രഹിക്കുന്നത് എന്തുകൊണ്ട്? വസ്തുക്കൾ ചെറിയ കാര്യങ്ങൾ ആണ്, അവ ദൈവത്തിന്റെ സ്ഥാനത്തേക്ക് ഉയർത്തുന്നതിന് നാം സമയം പാഴാക്കേണ്ടതില്ല.

അലസിപ്പിക്കൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും പങ്കാളികളുമായ ധാരാളം മുതിർന്നവരെ ദൈവം സൃഷ്ടിച്ചതാണെന്ന അറിവ് എന്നെ സങ്കടപെടുത്തുന്നുണ്ട്. ജീവൻ നല്കപ്പെട്ട ഈ മുതിർന്നവർ ഗർഭപാത്രത്തിലും ചിലപ്പോൾ ഗർഭപാത്രത്തിന് പുറത്തും ജീവൻ ഫലപ്രദമായി കൊലപ്പെടുത്തുന്നു. ഇത് വൃത്തികെട്ടതും മനുഷ്യനിർമ്മിതവുമാണ്. ഈ ഭയങ്കരമായ പാപത്തെക്കുറിച്ച് ദശലക്ഷക്കണക്കിന് ആളുകൾ അനുതപിക്കേണ്ടതുണ്ട്. അലസിപ്പിക്കൽ വ്യവസായത്തിന്റെ കാരണം ദശലക്ഷക്കണക്കിന് അനുയായികളുടെ ജീവിതത്തിൽ ഒരു വിഗ്രഹമായി മാറിയിരിക്കുന്നു. ഈ വിഗ്രഹാരാധനയിൽ ഏർപ്പെടാൻ പോലും എങ്ങനെ കഴിയും?

ഭൂമിയെയും പ്രപഞ്ചങ്ങളെയും താരാപഥങ്ങളെയും സ്ഥാപിച്ച സ്രഷ്ടാവായ ദൈവം നമ്മുടെ ചോദ്യങ്ങൾക്ക് പല ഉത്തരങ്ങളുടെയും രഹസ്യം സൂക്ഷിക്കുന്നു. വാസ്തവമായിട്ടു യിരെമിയാവ് 33:3 നിങ്ങളെയും എന്നെയും കേൾക്കാനായിട്ടു നമ്മുടെ സൃഷ്ടാവാം ദൈവത്തെ വിളിച്ചപേക്ഷിക്കാൻ പ്രോസ്താഹിപ്പിക്കുന്നു.

യിരെമ്യാവു 33:2-3 പറയുന്നു:

2 അതിനെ അനുഷ്ഠിക്കുന്ന യഹോവ, അതിനെ നിവർത്തിപ്പാൻ നിർണ്ണയിക്കുന്ന യഹോവ, യഹോവ എന്നു നാമം ഉള്ളവൻ തന്നേ, ഇപ്രകാരം അരുളിച്ചെയ്യുന്നു;
3 എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കുത്തരം അരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും.

നമുക്കുള്ള ഏതൊരു ചോദ്യത്തിനും അല്ലെങ്കിൽ അവന്റെ ഹിതമനുസരിച്ച് സമർപ്പിക്കുന്ന ഏതൊരു പ്രാർത്ഥനയ്ക്കും ഉത്തരം നൽകാൻ ദൈവത്തിന് ശക്തിയുണ്ടെന്നറിയുന്നത് ഒരു അനുഗ്രഹമാണ്. നമ്മോട് ക്ഷമിക്കാനും ഭൂമിയിലെ തന്റെ രാജ്യത്തിൽ നമ്മെ സ്ഥാപിക്കാനും അവനു അധികാരമുണ്ട്. നമ്മുടെ മനസ്സിനെയും ഹൃദയത്തെയും ആത്മാക്കളെയും രൂപാന്തരപ്പെടുത്താൻ അവനു ശക്തിയുണ്ട്, അങ്ങനെ നാം കർത്താവായ യേശുക്രിസ്തുവിനെപ്പോലെ കുറച്ചുകൂടി കാണപ്പെടും. നമ്മൾ അവന്റെ മക്കളാണ്.

**നിങ്ങളുടെ വെല്ലുവിളി:** നിങ്ങൾക്ക് ദൈവത്തോട് ചോദിക്കാനുള്ള ചോദ്യങ്ങൾ എന്തെല്ലാം? അവനെ വിളിച്ചപേഷിക്ക , അവൻ നിങ്ങൾക്ക് ഉത്തരം നൽകും.

**പ്രാർത്ഥന:**
(ദൈവത്തിനു നന്ദി പറഞ്ഞ് നിങ്ങളുടെ സ്വന്തം പ്രാർത്ഥന എഴുതുക)

## ദിവസം 14 - വിശ്വസ്തനായ ദൈവം (വിലാപങ്ങൾ 3:22-23)

ദൈവസ്നേഹത്തെക്കുറിച്ചും ശക്തിയെക്കുറിച്ചും അറിയാത്ത മറ്റുള്ളവർ നമ്മളെ പരിഹസിക്കുകയോ വിമർശിക്കുകയോ ഉപദ്രവിക്കുകയോ ചെയ്യുമ്പോൾ നമുക്ക് ലജ്ജ തോന്നേണ്ടതില്ല.

വർഷങ്ങൾക്കുമുമ്പ്, ഒരു ഇന്തോനേഷ്യൻ പള്ളിയിൽ ഒരു പ്രസംഗം നടത്തിയത് ഞാൻ ഓർക്കുന്നു. 400 ഓളം സഭാംഗങ്ങളുണ്ടായിരുന്നു. സാധാരണയായി, പ്രഭാഷണത്തിന്റെ അവസാനത്തിൽ രക്ഷയിലേക്കുള്ള വിളി നൽകപ്പെടുന്നു. എന്നാൽ ആ ദിവസം, പ്രസംഗത്തിന്റെ മധ്യത്തിൽ ഞാൻ രക്ഷയിലേക്കുള്ള വിളി പുറപ്പെടുവിക്കണമെന്ന് ദൈവം ആഗ്രഹിച്ചു. ഞാൻ ദൈവത്തെ അനുസരിച്ചപ്പോൾ, പ്രായോഗികമായി സഭ മുഴുവൻ എന്നെ നോക്കി ചിരിച്ചു. എനിക്ക് ലജ്ജ തോന്നി, പക്ഷേ അവർ അവനെയാണ് പരിഹസിക്കുന്നുവെന്ന് ദൈവം എന്നെ വേഗത്തിൽ ഓർമ്മിപ്പിച്ചു. എന്നിരുന്നാലും, ഒരു ഇന്തോനേഷ്യൻ മനുഷ്യൻ ആദ്യമായി ക്രിസ്തുവിനെ സ്വീകരിക്കാൻ എഴുന്നേറ്റുനിന്നു! ദൈവത്തിന്നു സ്തോത്രം.

ഇന്നത്തെ വാക്യങ്ങൾ വിലാപങ്ങൾ 3:22-23 ൽ കാണാം:

> 22 നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;
> 23. അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.

എല്ലാ പ്രഭാതത്തിലും, നമ്മൾ ദൈവത്തിന്റെ സ്നേഹത്തിലും പുതിയ കാരുണ്യത്തിലും അനുകമ്പയിലും ഉണരുന്നു. ദൈവത്തിനു നമ്മോടുള്ള വിശ്വസ്തത നിമിത്തം നമുക്ക് ആത്മവിശ്വാസത്തോടെ ഇത് ചെയ്യാൻ കഴിയും; അവനോടുള്ള നമ്മുടെ വിശ്വസ്തതയല്ല. നോക്കൂ, അത് നമ്മളെക്കുറിച്ചല്ല, ദൈവം ആരാണെന്നതിനെക്കുറിച്ചാണ്.

ഈ ഇന്തോനേഷ്യൻ സഭയെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കി കൊണ്ട് ഞാൻ പ്രസംഗം തുടർന്നു. തന്റെ കരുണ വീണ്ടും കാണിക്കാൻ ദൈവം ആഗ്രഹിച്ചു. ഞാൻ വീണ്ടും നിർത്തേണ്ടതുണ്ടെന്നും, രക്ഷയുടെ വിളി സ്വീകരിക്കാൻ സഭയെ ക്ഷണിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ദൈവം എന്നെ ബോധ്യപ്പെടുത്തി. ദൈവത്തെ അനുസരിക്കുന്നതിനു വേണ്ടി ഞാൻ നിർത്തുകയാണെന്ന് ഇത്തവണ ഞാൻ സഭയോട് പറഞ്ഞു. രക്ഷയിലേക്കുള്ള എന്റെ ക്ഷണത്തെ തുടർന്ന് സഭ വീണ്ടും പരിഹസിച്ചു.

ചിരി നിർത്താൻ ഞാൻ അവരോട് പറഞ്ഞു, ദൈവവുമായി കാര്യമായ ശുശ്രുഷ ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കാൻ അവരെ ക്ഷണിച്ചു. 390 ഓളം ഇന്തോനേഷ്യക്കാർ എഴുന്നേറ്റുനിന്ന് ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ച് ഉറപ്പുനൽകാൻ തീരുമാനിച്ചു.

അവന്റെ മഹത്തായ സ്നേഹം നിമിത്തം എല്ലാ ദിവസവും തന്റെ കരുണ കാണിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ വലിയ സ്നേഹം കാരണം നാം നശിപ്പിക്കപ്പെടുകയില്ലെന്ന് വചനം പറയുന്നു. അതെ, നാം അവനിലേക്കു മടങ്ങിവന്നാൽ നാം നശിപ്പിക്കപ്പെടുകയില്ല.

**നിങ്ങളുടെ വെല്ലുവിളി:** ദൈവത്തിന്റെ ഗുണവിശേഷങ്ങളെ സ്തുതിക്കാൻ സമയമെടുക്കുക: അവൻ വലിയവനും വിശ്വസ്തനും കരുണാമയനുമാണ്**.**

**പ്രാർത്ഥന:**
ദൈവമേ, അങ്ങയുടെ വലിയ സ്നേഹത്തോടും വിശ്വസ്തതയോടും കൂടെ എന്നെ അനുഗ്രഹിക്കുകയും അത് പോലെ മറ്റുള്ളവരോട് കാണിക്കാൻ എന്നെ സഹായിക്കുകയും ചെയ്യുക. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആമേൻ.

# ദിവസം 15 - യെരുശലേമിന്റെ മേൽ യഹോവ ശാലോം

**(സങ്കീർത്തനം 122:6-9)**

ഫെയ്ത്ത് അബ്ലേസ് ഇന്റർനാഷണൽ മിനിസ്ട്രീസിലെ എന്റെ ടീമിനായുള്ള പതിവ് പ്രാർത്ഥന വിഷയങ്ങളിൽ ഒന്ന്, മിഡിൽ ഈസ്റ്റ് മേഖലയ്ക്കു വേണ്ടി പ്രാർത്ഥിക്കുക എന്നുള്ളതാണ്. പ്രത്യേകിച്ചും, ജറുസലേമിന്റെ സമാധാനത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സങ്കീർത്തനം 122:6-9 പറയുന്നു

> 6 യെരൂശലേമിന്റെ സമാധാനത്തിന്നായി പ്രാർത്ഥിപ്പിൻ ; നിന്നെ സ്നേഹിക്കുന്നവർ സ്വൈരമായിരിക്കട്ടെ.
> 7 നിന്റെ കൊത്തളങ്ങളിൽ സമാധാനവും നിന്റെ അരമനകളിൽ സ്വൈരവും ഉണ്ടാകട്ടെ.
> 8 എന്റെ സഹോദരന്മാരും കൂട്ടാളികളും നിമിത്തം നിന്നിൽ സമാധാനം ഉണ്ടാകട്ടെ എന്നു ഞാൻ പറയും.
> 9 നമ്മുടെ ദൈവമായ യഹോവയുടെ ആലയം നിമിത്തം ഞാൻ നിന്റെ നന്മ അന്വേഷിക്കും.

നമ്മൾ ദൈവവചനത്തിൽ വിശ്വസിക്കുന്നു, ചിലപ്പോൾ നമ്മുടെ മുൻവിധികൾ കാരണം അല്ലെങ്കിൽ നമ്മുടെ സൗകര്യത്തിന് അനുസൃതമായി നമുക്ക് അവന്റെ വചനം നഷ്ടപ്പെടാം. സങ്കീർത്തനക്കാരൻ നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ സങ്കീർത്തനം എഴുതിയെങ്കിലും, യെരുശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കാനുള്ള ഈ കൽപ്പന ഇന്നും സാധുവായി തുടരുന്നു.

നമ്മൾ ഒരു ചെറിയ ഗവേഷണം നടത്തിയിട്ടുണ്ടെങ്കിൽ, മിഡിൽ ഈസ്റ്റിലും പ്രത്യേകിച്ച് യെരുശലേമിലും കലഹം കാണാം. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നൽകിയിരിക്കുന്ന സംരക്ഷണവും ഐക്യവുമായി യെരുശലേമിന്റെ സമാധാനം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സമാധാനം (ശാലോം) എന്ന എബ്രായ സങ്കൽപ്പത്തിന്റെ അർത്ഥം സമ്പൂർണ്ണത, ഊർജ്ജസ്വലത, ആരോഗ്യം, സുരക്ഷ, സമൃദ്ധി എന്നിവയാണ്.

സമാധാനത്തിന്റെ ദൈവമായ യഹോവ ശാലോമിനെ ജനങ്ങൾ അനുഭവിക്കേണ്ടതിന്നു, ക്രിസ്തുവിലുള്ള ഒരു വിശ്വാസി ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നത് നല്ല ഉത്തരവാദിത്തമുള്ള പ്രവർത്തനമാണ്.

**നിങ്ങളുടെ വെല്ലുവിളി :** യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിക്കാനുള്ള കൽപ്പന അനുസരിക്കുന്നതിൽ നിന്ന് നിങ്ങളെ തടയുന്നതെന്താണ്?

**പ്രാർത്ഥന:**
യഹോവ ശലോം, അങ്ങയുടെ സമാധാനം യെരുശലേമിന്മേൽ ഉള്ളതിനാൽ നന്ദി. മിഡിൽ ഈസ്റ്റ് മേഖലയിലെ എല്ലാ നേതാക്കളും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അങ്ങയുടെ കരുണ ആസ്വദിക്കട്ടെ. ആമേൻ

## ദിവസം 16 - ക്രിസ്തുവിനെ സേവിക്കുന്നു (കൊലോസ്യർ 3: 23-24)

നിങ്ങളിൽ ജോലി ചെയ്യാൻ അനുഗ്രഹിക്കപ്പെട്ടവരെയും ശരിയായ തൊഴിൽ കണ്ടെത്താൻ പാടുപെടുന്നവരെയും കുറിച്ച് ഞാൻ ചിന്തിക്കുന്നു. നിങ്ങളിൽ ചിലർ നിങ്ങളുടെ വിദ്യാഭ്യാസത്തിനോ പരിശീലന യോഗ്യതയ്ക്കോ അനുയോജ്യം അല്ലാതെ പ്രവർത്തിക്കുന്നുണ്ടാകാം. ഇത് വളരെ വിനീതമാണ്. നിങ്ങളിൽ ചിലർ നിങ്ങളുടേതായ തൊഴിലുടമകളോ ബിസിനസ്സ് ഉടമകളോ ആണ്. അമ്മമാരും പരിചരണം നൽകുന്നവരും വിദ്യാർത്ഥികളും പോലും തൊഴിലാളികളാണ്.

ജോലിസ്ഥലത്ത് നെഗറ്റീവ് അല്ലെങ്കിൽ ഹാനികരമായ ഒരു കാര്യം ചെയ്യാൻ നിങ്ങൾ ചിലപ്പോൾ വെല്ലുവിളിക്കപ്പെട്ടിട്ടുണ്ടോ? നിങ്ങൾ അത് ചെയ്യണമെന്ന് നിങ്ങളുടെ ബോസ് ആവശ്യപ്പെട്ടതിനാൽ നിങ്ങൾ അത് ചെയ്തുപോയിട്ടുണ്ടോ ? അത്തരം കാര്യങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നില്ല.

ഒരു തവണ ഞാൻ ഒരു വിദേശരാജ്യത്ത് ജോലിചെയ്യുമ്പോൾ, ഞങ്ങളുടെ ക്ലയന്റുകളിലൊരാൾ ക്രിയാത്മകമായി എന്നോട് ഒരു മില്ല്യൺ ഡോളറിനടുത്തുള്ള ഒരു കമ്പനി പ്രോജക്റ്റിന് വലിയ ഇളവ് നൽകാൻ ആവശ്യപ്പെട്ടു. സ്വാഭാവികമായും, ഞാൻ നിരസിച്ചു, ഞങ്ങൾക്ക് പേയ്മെന്റുകൾ നൽകാൻ കമ്പനി വൈകിപ്പിച്ചു.

ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നവളാണ്. പ്രത്യേകിച്ചും നാം ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണെങ്കിൽ, കൊലോസ്യർ 3: 23-24 നമ്മുടെ ഹൃദയത്തോട് ചേർത്ത് നിർത്തേണ്ടതുണ്ട്:

> 23 നിങ്ങൾ ചെയ്യുന്നതു ഒക്കെയും മനുഷ്യർക്കെന്നല്ല
> കർത്താവിന്നു എന്നപോലെ മനസ്സോടെ ചെയ്വിൻ.
> 24. അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു
> കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ.

പ്രോജക്റ്റിനായുള്ള പണമടയ്ക്കൽ വളരെ വൈകിയതിനാൽ എനിക്ക് ക്ലയന്റിന്റെ ഓഫീസിലേക്ക് പറന്നു ചെല്ലുകയും ഞങ്ങൾക്ക് പണം ലഭിച്ചുവെന്ന് ഉറപ്പാക്കാനും ഉണ്ടായിരുന്നു. ഞാൻ ഒരുപാട് പ്രാർത്ഥിക്കുകയും ഈ വലിയ വിദേശ കമ്പനിയുടെ പ്രസിഡന്റിന്റെ അടുക്കലേക്കുള്ള വാതിൽ തുറക്കാൻ ദൈവത്തോട് ആവശ്യപ്പെടുകയും ചെയ്തു.

ദൈവം എന്റെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകി. ഞാൻ കമ്പനി പ്രസിഡന്റിന്റെ ഓഫീസിൽ ഇരുന്നു. എന്റെ മുഖത്ത് ശാന്തമായ പുഞ്ചിരിയോടെ, അദ്ദേഹത്തിന്റെ കമ്പനി, ബാക്കി തുക അടയ്ക്കുന്നതുവരെ ഞാൻ രാജ്യം വിടുന്നില്ലെന്ന് പറഞ്ഞു.

ദൈവത്തിനുവേണ്ടി മികച്ച രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നി. ഈ പ്രക്രിയ മുഴുവൻ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനുള്ള ഒരു സാക്ഷ്യമായിരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. ശരി, ദൈർഘ്യമേറിയ കഥ ചുരുക്കികൊണ്ട്. അര ദിവസത്തോളം കാത്തിരുന്ന ശേഷം എന്റെ കയ്യിൽ ഒരു ചെക്കുമായി ഞാൻ അവരുടെ ഓഫീസിൽ നിന്ന് പുറത്തേക്ക് നടന്നു. എന്റെ ജീവിതത്തിൽ മറ്റുള്ളവർക്ക് അവന്റെ മഹത്വം കാണാനായി ദൈവം കടന്നുപോകുമെന്ന് പ്രഖ്യാപിച്ചു കൊണ്ട് ഞാൻ അര ദിവസം ചെലവഴിച്ചു. ആ കാത്തിരിപ്പ് വിലമതിക്കുന്നതാണ്.

**നിങ്ങളുടെ വെല്ലുവിളി:** ദൈവിക സേവനത്തിലൂടെ നിങ്ങൾ നിങ്ങളുടെ തൊഴിൽ അന്തരീക്ഷത്തെ എങ്ങനെ ബാധിക്കുന്നു?

**പ്രാർത്ഥന:**
തീരുമാനമെടുക്കുന്നതിനുള്ള അങ്ങയുടെ ജ്ഞാനം, ശാന്തമായ ഹൃദയത്തിനുള്ള ക്രിസ്തുവിന്റെ സമാധാനം, എന്റെ തൊഴിൽ അന്തരീക്ഷത്തിൽ ഭൗമികത്തിനപ്പുറത്തേക്ക് കാണാനുള്ള പരിശുദ്ധാത്മാവിന്റെ വിവേകം എന്നിവ ആസ്വദിക്കാൻ എന്നെ പഠിപ്പിക്കണമേ . അങ്ങയുടെ മഹത്വത്തിന് അർത്ഥവത്തായ സ്വാധീനം ചെലുത്താൻ പരിശുദ്ധാത്മാവിനാൽ എന്നെ സഹായിക്കണമേ.
യേശുവിന്റെ നാമത്തിൽ. ആമേൻ.

## ദിവസം 17 - യഹോവ എന്റെ ഇടയനാകുന്നു (സങ്കീർത്തനം 23:1)

അടുത്ത കുറച്ച് ദിവസത്തേക്ക്, വളരെ ജനപ്രിയവും പ്രിയങ്കരവും പ്രസിദ്ധവുമായ ഒരു സങ്കീർത്തനത്തെ ഞങ്ങൾ വിലമതിക്കാൻ പോകുന്നു. ഒരു കൊച്ചു പെൺകുട്ടിയായി ഞാൻ സ്കൂളിൽ പഠിച്ച ആദ്യത്തെ സങ്കീർത്തനങ്ങളിലൊന്നാണ് 23-ാം സങ്കീർത്തനം. ഇത് ഒരു ചെറിയ ആറ് വാക്യ സങ്കീർത്തനം മാത്രമാണ്, പക്ഷേ അത് വളരെ ശക്തവും അർത്ഥവത്തായതുമാണ്.

സങ്കീർത്തനക്കാരൻ 1-ാം വാക്യത്തിൽ ഒരു പ്രഖ്യാപനം നടത്തുന്നു.
യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല

ഈ വാക്യത്തിന്റെ ആഴത്തിലുള്ള അർത്ഥം മനസിലാക്കാൻ എനിക്ക് ഒരുപാട് സമയമെടുത്തു. സ്കൂളിൽ, ഞങ്ങൾ അത് ഓർമ്മയിൽനിന്നും പാരായണം ചെയ്യും. ജോലി ഉപേക്ഷിച്ച് സിംഗപ്പൂർ ബൈബിൾ കോളേജിൽ പഠിക്കാൻ തുടങ്ങിയപ്പോൾ ആണ് ഈ വാക്യം എനിക്ക് നന്നായി മനസ്സിലായത്. ദൈവം എനിക്കുവേണ്ടി കരുതിക്കൊണ്ടിരുന്നു, അവൻ തീർച്ചയായും എന്നെ പ്രാർത്ഥനയിൽ മുട്ടുകുത്തി നിർത്തി.

ദൈവം ഒരിക്കലും എന്നെ പരാജയപ്പെടുത്തിയിട്ടില്ല. ഒരു ആഗോള മിഷനറി എന്ന നിലയിൽ, ഈ ധാരണ കൂടുതൽ ആഴത്തിലായി. ദൈവം തന്റെ പ്രിയപ്പെട്ടവരിലൂടെ നൽകുന്നു, ഈ സമയം അവൻ എനിക്ക് മാത്രമല്ല, മറ്റനേകം പാസ്റ്റർമാർക്കും നേതാക്കൾക്കും ആവശ്യമുള്ള കുടുംബങ്ങൾക്കും നൽകുന്നു. അവനിലുള്ള നമ്മുടെ വിശ്വാസം കൂടുതൽ ആഴത്തിലാക്കാനുള്ള ഒരു മാർഗ്ഗം നല്ല ഇടയൻ നമുക്കെല്ലാവർക്കും നൽകുന്നു.

കർത്താവായ യേശുക്രിസ്തു ഇടയനാകുന്നു, നല്ല ഇടയനാകുന്നു, അനുകമ്പയുള്ളവൻ. അവൻ തന്റെ നഷ്ടപ്പെട്ട ആടുകളെ തിരയുന്നു. അവൻ എന്റെ ഇടയനാണ്, നിങ്ങളുടേതും. നഷ്ടപ്പെട്ട ആടുകളെ കണ്ടെത്താൻ നല്ല ഇടയൻ ഏത് കൊടുങ്കാറ്റിനെയും നേരിടും. നല്ല ഇടയൻ നിങ്ങളെയും എന്നെയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യും. നമ്മുടെ കർത്താവ് തന്റെ ആവശ്യങ്ങൾ നിറവേറ്റുമെന്ന് സങ്കീർത്തനക്കാരന് അറിയാം.

“എനിക്കു മുട്ടുണ്ടാകയില്ല” എന്ന് അദ്ദേഹം പ്രഖ്യാപിക്കുമ്പോൾ - **ഒന്നിന്റെയും** കുറവില്ലെന്ന് അദ്ദേഹം ഫലപ്രദമായി പ്രസ്താവിക്കുന്നു! നല്ല ഇടയൻ നമ്മുടെ ദാതാവായ യഹോവ യിരെഹാണ്.

ചിലപ്പോൾ, നമുക്ക് സ്നേഹം, കൃപ, ക്ഷമ, സന്തോഷം, സമാധാനം, സഹനശീലം, ജ്ഞാനം, സംരക്ഷണം, മാർഗ്ഗനിർദ്ദേശം, ആത്മവിശ്വാസം, സുരക്ഷ, പ്രാധാന്യമുള്ളവ എന്നിവയില്ല. **ഒരു പോരായ്മയുമില്ല** എന്നതാണ് സന്തോഷ വാർത്ത! നല്ല ഇടയനിൽ ഇത് കാണാം. നമ്മുടെ ജീവിതത്തിൽ ഏറ്റവും നിർണായകമായ എന്തെങ്കിലും ഉണ്ടെങ്കിൽ, അത് നമുക്ക് രക്ഷയുടെ അഭാവം ആകരുത്. നമ്മുടെ നിത്യത, നമ്മുടെ ജീവിതത്തിലെ ഓരോ ദിവസവും നമ്മെ സ്വതന്ത്രമായി രക്ഷിക്കുന്ന കർത്താവായ യേശുക്രിസ്തു എന്ന നല്ല ഇടയനോടൊപ്പം ആയിരിക്കണം.

**നിങ്ങളുടെ വെല്ലുവിളി:** സുഹൃത്തേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് എന്താണ് കുറവ്?

**പ്രാർത്ഥന:**
അനേകർ രക്ഷിക്കപെടുവാനായി മറ്റുള്ളവർക്കുവേണ്ടി മറുവിലയായി തന്റെ ജീവൻ നൽകിയ കർത്താവായ യേശുക്രിസ്തുവിന്റെ നന്മയിലേക്ക് എന്റെ കണ്ണുകൾ തുറക്കണമേ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആമേൻ.

# ദിവസം 18 - യഹോവ എന്റെ നായകൻ (സങ്കീർത്തനം 23:2)

ഓരോ ദിവസവും, രാജ്യങ്ങൾക്കിടയിലെ എല്ലാത്തരം കുഴപ്പങ്ങളും ദുരന്തങ്ങളും നാം കേൾക്കുന്നു. വാസ്തവത്തിൽ, പ്രക്ഷുബ്ധതയോ അസ്വസ്ഥതകളോ നമ്മുടെ ഹൃദയത്തിന്റെയോ വീടിന്റെയോ വാതിൽപ്പടിയിലായിരിക്കാം. ചില രാഷ്ട്രങ്ങൾ രാഷ്ട്രീയമായി അസ്ഥിരമാണ്; ജനങ്ങളുടെ സുരക്ഷ സന്തുലിതമാണ്. സാമ്പത്തിക, മെഡിക്കൽ പ്രതിസന്ധികൾ വർദ്ധിച്ചു. അജ്ഞാതമായ ഭയമുള്ള ധാരാളം ആളുകൾ ഉണ്ട്. അവരുടെ ഹൃദയത്തിൽ ഉത്കണ്ഠയും ചോദ്യങ്ങളും നിറഞ്ഞിരിക്കുന്നു. ഇത് നിങ്ങളാണെങ്കിൽ, നിങ്ങൾക്ക് സമാധാനത്തിലും സുരക്ഷിതത്വത്തിലും താൽപ്പര്യമുണ്ടോ? ആഴത്തിലും ഉറപ്പുമുള്ള വിശ്രമം എങ്ങനെയാണ്?

ആ സമാധാനബോധം നൽകാൻ നല്ല ഇടയന് കഴിയുന്നു എന്ന് സങ്കീർത്തനം 23: 2-ൽ സങ്കീർത്തനക്കാരൻ വിലമതിക്കുന്നു. അവൻ പറയുന്നത് ശ്രദ്ധിക്കുക:

> പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു;
> സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു.

കർത്താവ് നമ്മെ പുനഃസ്ഥാപിക്കുന്ന സ്ഥലത്തേക്ക് നയിക്കുന്നു; അവൻ നമ്മെ നിർബന്ധിക്കുന്നില്ല. നമ്മെ നയിക്കാൻ ദൈവത്തെ അനുവദിക്കാനുള്ള തിരഞ്ഞെടുപ്പ് എപ്പോഴും നമ്മുടേതാണ്. അവിടുന്ന് നമ്മെ മെച്ചപ്പെട്ട സ്ഥലത്തേക്ക് നയിക്കുമ്പോൾ - നമ്മുടെ ജീവിതത്തിലെ വരണ്ട സ്ഥലത്ത് നിന്ന് പുനഃസ്ഥാപിക്കപ്പെട്ട സ്ഥലം എല്ലാം വിരസവും ലക്ഷ്യമില്ലാത്തതുമായി തോന്നിയേക്കാം. കർത്താവ് നമ്മെ "നിശ്ചലമായ വെള്ളത്തിലേക്ക്" നയിക്കുന്നു, ഉഗ്രമായ നദിയിലേക്കല്ല. ദൈവസാന്നിധ്യവും അവന്റെ സത്യങ്ങളും നാം ഉൾകൊള്ളുമ്പോൾ,ഇതാ ശാന്തമായ ഒരു സ്ഥലം, ദൈവസ്നേഹത്തെ പ്രതിഫലിപ്പിക്കുന്നതിനുള്ള ഒരു സ്ഥലം, ശുദ്ധവായു ശ്വസിക്കാനുള്ള സ്ഥലം.

**നിങ്ങളുടെ വെല്ലുവിളി:** നിങ്ങൾക്ക് സമാധാനം ലഭിക്കാനായി, നസറായനായ കർത്താവായ യേശുക്രിസ്തുവിൽ മറഞ്ഞിരിക്കുന്ന ശാന്തമായ സ്ഥലത്തേക്ക് നയിക്കാൻ അനുവദിക്കുന്നതിൽ നിന്ന് നിങ്ങളെ തടസ്സപ്പെടുത്തുന്നതെന്താണ്?

**പ്രാർത്ഥന:**

പ്രിയ ദൈവമേ, എനിക്ക് ആവശ്യമായ സമാധാനവും പ്രയാസകരമായ സാഹചര്യങ്ങളിൽ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ജ്ഞാനവും എനിക്കു തരണമേ. കർത്താവായ യേശുവിലേക്ക് ചായാനും അവന്റെ കൈകൾ മുറുകെ പിടിക്കാനും ഞാൻ തിരഞ്ഞെടുക്കുന്നു. എന്റെ ആത്മാവിന് ഉന്മേഷം പകരാൻ ഞാൻ അവന്റെ “നിശ്ചലജലത്തിലേക്ക്” അനുഗമിക്കും. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

# ദിവസം 19 - യഹോവ എന്റെ വീണ്ടെടുപ്പുകാരൻ
**(സങ്കീർത്തനം 23:3)**

കർത്താവ് നമ്മെ "നിശ്ചലജലങ്ങളിലേക്കും വിശ്രമ സ്ഥലത്തേക്കും" നയിക്കുന്നു. ഇത് നമ്മുടെ പുനഃസ്ഥാപന സ്ഥലമായി മാറുന്നു. തകർന്നതോ കേടായതോ ആയ കാര്യങ്ങൾ മാത്രമാണ് പുനഃസ്ഥാപിക്കപ്പെടുന്നത് - ഉദാഹരണത്തിന്, അയഞ്ഞ ബ്രേക്കുകളുള്ള ഒരു പഴയ കാർ, കീറിപ്പോയ സോഫ സെറ്റ്, കേടായ അടുക്കള തറ. അതിനാൽ, ഭാഗങ്ങൾ മാറ്റുകയോ പുതിയ നിറം വരയ്ക്കുകയോ അവയുടെ രൂപം നവീകരിക്കുകയോ ചെയ്തുകൊണ്ട് തകർന്നതോ കേടായതോ ആയ കാര്യങ്ങൾ പുതിയത് പോലെ മനോഹരമാക്കുന്നതിന് സമയം ചെലവഴിക്കുന്നു.

നമ്മുടെ അനുസരണക്കേടിലൂടെ നാം ദൈവത്തിനെതിരെ നിലകൊള്ളുമ്പോൾ, നമ്മുടെ ഉള്ളിൽ ആഴത്തിലുള്ള സമാധാനം കണ്ടെത്താൻ കഴിയാതിരിക്കുന്നത് അനിവാര്യമാണ്. ശരിയായതും ദൈവികവുമായ ചിന്ത, മനോഭാവം, പ്രവൃത്തി എന്നിവയിലേക്ക് നാം യഥാസ്ഥാനപ്പെടുതേണ്ടതുണ്ട്.

സങ്കീർത്തനം 23:3 പറയുന്നു:

> എന്റെ പ്രാണനെ അവൻ യഥാസ്ഥാനപ്പെടുത്തുന്നു;
> തിരുനാമംനിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു.

യഥാർത്ഥ മാനസാന്തരം എന്നുള്ളത് , ഭക്തികെട്ട ചിന്തയിൽ നിന്നും മനോഭാവത്തിൽ നിന്നും , പ്രവർത്തനത്തിൽ അകന്നുപോകുക എന്നുള്ളതാണ്. അതാണ് യഥാസ്ഥാനപ്പെടാനുള്ള ആദ്യപടി.

നീതിയുടെ പാതകളിൽ പുനഃസ്ഥാപിക്കാനും നയിക്കാനും ആർക്കാണ് അധികാരമുള്ളതെന്ന് സങ്കീർത്തനം 23: 3 നമുക്ക് ഒരു സൂചന നൽകുന്നു. അതെ, നല്ല ഇടയനായ , കർത്താവായ യേശുക്രിസ്തു ആണ് നമ്മെ നീതിയുടെ പാതയിലേക്ക് നയിക്കുന്നത്. ഈ പുനഃസ്ഥാപനത്തിനു നമ്മൾ അനുവദിക്കുമ്പോൾ, അത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ആദരിക്കുന്നു.

**നിങ്ങളുടെ വെല്ലുവിളി :** ദൈവം നൽകുന്ന ബഹുമാനത്തിന്റെയും പുനഃ സ്ഥാപനത്തിന്റെയും നീതിയുടെയും ഈ പദവിയിൽ നിങ്ങൾ ആയിരിക്കുന്നു എന്നത് നിങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത്?

**പ്രാർത്ഥന:**
കർത്താവായ യേശുവേ , നീതിയുടെ ഇടുങ്ങിയ പാതയിലൂടെ സഞ്ചരിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ നയിക്കണമേ.
ഞാൻ അങ്ങയെ മാത്രം ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോൾ അങ്ങ് എന്റെ ജീവിതത്തിൽ മഹത്വപ്പെടണമെ. ആമേൻ.

.

# ദിവസം 20 - യഹോവ എന്നോടുകൂടെയുണ്ട് (സങ്കീർത്തനം 23:4)

സങ്കീർത്തനം 23:4 വായിക്കുമ്പോൾ:

> കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.

എന്റെ ഒരു നല്ല സുഹൃത്തിനെക്കുറിച്ച് ഞാൻ ഓർക്കുന്നു. ഒരു നല്ല പോരാട്ടത്തിന് ശേഷം അവർ ഈ വർഷം അന്തരിച്ചു. ക്യാൻസറിന് അവർക്കെതിരെ ഒരു വിജയവും ഉണ്ടായിരുന്നില്ല. എന്നിട്ടും, ഈ ഭയാനകവും അതിതീവ്രവും ആയ രോഗത്തിലൂടെയുള്ള യാത്ര ആദ്യഘട്ടത്തിൽ അവളെ നടുക്കി. ചോദ്യങ്ങളും, സംശയങ്ങളും, നിരാശയും എല്ലാം മാരകമായ രോഗങ്ങൾ ഉള്ള അനേകം ആളുകൾ നേരിടുന്ന വെല്ലുവിളികളാണ്.

അതിമനോഹരമായ കാര്യം, എന്റെ സുഹൃത്തിന് ആ വെല്ലുവിളികളെ മറികടന്ന് മരണത്തിന്റെ നിഴലിന്റെ താഴ്വരയിലൂടെ നടക്കുമ്പോഴും അവൾ തിന്മയെ ഭയപ്പെടുന്നില്ലെന്ന് സ്വയം ഓർമ്മിപ്പിക്കാൻ കഴിഞ്ഞു , കാരണം കർത്താവായ യേശുക്രിസ്തു അവളുടെ കഠിനമായ യാത്രയിൽ അവളോടൊപ്പമുണ്ടായിരുന്നു. ദുഷ്കരമായ യാത്രയിൽ, അവളുടെ മുൻഗണനകൾ കൂടുതൽ വ്യക്തമായി. വിവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള അവളുടെ മാതൃക മെച്ചപ്പെട്ടതായി മാറി, ക്രിസ്തുവിലുള്ള അവളുടെ ശക്തി എല്ലാവർക്കും കാണാൻ തിളങ്ങി. ദൈവം അവളുടെ പ്രധാന ആശ്വാസകനായിരുന്നു, ഇപ്പോൾ അവൾ തന്റെ രക്ഷകൻ സ്വർഗ്ഗത്തിൽ നൽകിയ സമാധാനപരമായ വിശ്രമം ആസ്വദിക്കുന്നു.

സങ്കീർത്തനം 23-ാം വാക്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന "നിങ്ങൾ എന്നോടൊപ്പമുണ്ട്" എന്ന വാക്യം ഞാൻ ഇഷ്ടപ്പെടുന്നു.
നാം ഓരോരുത്തർക്കും തിന്മയെ ഭയപ്പെടാതിരിക്കാനും നാം അവന്റെ പരമമായ അധികാരത്തിനും മാർഗനിർദേശത്തിനും സംരക്ഷണത്തിനും കീഴിലാണെന്ന് തിരിച്ചറിയാനും യേശുവിന്റെ സാന്നിദ്ധ്യം മതി. നല്ല ഇടയനായ യേശു തന്നെ ആവശ്യപ്പെടുന്നവരോടൊപ്പം നടക്കുന്നുവെന്ന് വ്യക്തിപരമായി അറിയുന്നത് എത്ര ആശ്വാസമാണ് ! അവൻ നമുക്കു തന്ന ദൈവത്തിന്റെ കൃപയാണ്.

**നിങ്ങളുടെ വെല്ലുവിള :** നിങ്ങളുടെ ജീവിതത്തിലെ അങ്ങേയറ്റം ബുദ്ധിമുട്ടുള്ള, "പ്രതീക്ഷയില്ലാത്ത" സമയത്തിലൂടെ കടന്നുപോകുന്നുണ്ടോ? നിങ്ങളെ ശക്തിപ്പെടുത്താനും നിങ്ങൾക്ക് ഉണ്ടാകാനിടയുള്ള എല്ലാ ഭയങ്ങളും നീക്കംചെയ്യാനും കഴിവുള്ളവന്റെ അടുത്തേക്ക് നിങ്ങൾ തിരിയുമോ? അവന്റെ നാമം യേശു, ദൈവപുത്രനും തികഞ്ഞ വീണ്ടെടുപ്പുകാരനുമാണ്.

**പ്രാർത്ഥന:**
സ്വർഗ്ഗീയപിതാവേ, ഒരു തിന്മയെയും മരണത്തെയും ഞാൻ ഭയപ്പെടേണ്ടതില്ല എന്നതിന് നന്ദി, കാരണം കർത്താവായ യേശുക്രിസ്തുവിൽ, അങ്ങ് എന്നിൽ നിക്ഷേപിച്ച വിശ്വാസത്താൽ എല്ലാ വെല്ലുവിളികളെയും തരണം ചെയ്യാൻ എനിക്ക് ആത്മവിശ്വാസവും ശക്തിയും ഉണ്ട്. യേശു ഇതിനകം വില കൊടുത്തതിനാൽ എന്റെ പ്രിയപ്പെട്ടവരെയും എന്നെയും വിജയകരമായി നടക്കാൻ സഹായിക്കണമേ . മരണത്തിന്റെ നിഴലിന്റെ താഴ്‌വരയിലൂടെ നടക്കുമ്പോഴും ഞങ്ങൾ അനുഗ്രഹങ്ങളായി തുടരുന്നതിന് അങ്ങയുടെ  കൃപ ഞങ്ങളുടെ മേൽ ചൊരിയണമേ. അങ്ങയുടെ മഹത്വത്തിനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിനും. ആമേൻ.

## ദിവസം 21 - യഹോവ എന്‌റെ ദാതാവാണ് (സങ്കീർത്തനം 23:5)

ഈ ദിവസങ്ങളിൽ എനിക്ക് ശത്രുക്കളുണ്ടോ എന്ന് എനിക്കറിയില്ല. ക്രിസ്ത്യാനികളെ വെറുക്കുന്ന ആർക്കും ശത്രുക്കൾ ആകാം. ലോകമെമ്പാടുമുള്ള പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളുടെ എണ്ണമനുസരിച്ച്, ക്രിസ്തുവിന്‌റെ ചങ്ങാതിമാരല്ലാത്തവരും ക്രിസ്തുവിന്‌റെ അനുയായികളെ അപമാനിക്കുകയും ചെയ്യുന്ന ആളുകൾ ഉണ്ടായിരിക്കാമെന്ന് നമുക്ക് സുരക്ഷിതമായ ഒരു നിഗമനത്തിലെത്താൻ കഴിയും എന്ന് എനിക്ക് ഉറപ്പുണ്ട്.

ലോകമെമ്പാടുമുള്ള പീഡനത്തിനിരയായ ക്രിസ്ത്യാനികളെ നിലകൊള്ളുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഒരു ക്രിസ്ത്യൻ സമൂഹമായ ഓപ്പൺ ഡോർസിന്‌റെ അഭിപ്രായത്തിൽ, 2017 നവംബർ മുതൽ 2018 ഒക്ടോബർ വരെ കുറഞ്ഞത് 245 ദശലക്ഷം ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടു എന്നാണ് . നിലവിലെ വാർഷിക റിപ്പോർട്ടിൽ ഈ എണ്ണം വർദ്ധിച്ചേക്കാമെന്ന് എനിക്ക് സങ്കൽപ്പിക്കാവുന്നതേയുള്ളൂ.

സങ്കീർത്തനം 23:5 കർത്താവായ യേശുക്രിസ്തുവിന്‌റെ എല്ലാ വിശ്വാസികൾക്കും ഒരു പ്രോത്സാഹനമാണ്. ഈ വാക്യം ഇപ്രകാരം പറയുന്നു:

> എന്‌റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്‌റെ തലയെ എണ്ണകൊണ്ടു അഭിഷേകംചെയ്യുന്നു; എന്‌റെ പാനപാത്രവും നിറഞ്ഞു കവിയുന്നു

നല്ല ഇടയന് സമൃദ്ധമായി നൽകാൻ കഴിയും. നമ്മുടെ ശത്രുക്കളുടെ സാന്നിധ്യത്തിൽ, കർത്താവായ യേശുക്രിസ്തുവിന് നമുക്ക് സംരക്ഷണവും പ്രീതിയും നൽകാൻ കഴിയും. ശത്രുക്കൾ നമ്മെ വേദനിപ്പിക്കാനും അപമാനിക്കാനും ലജ്ജ വരുത്താനും ഉദ്ദേശിക്കുമ്പോൾ, കർത്താവ് അവന്‌റെ കൃപയിലും ബഹുമാനത്തിലും ശക്തരായി തുടരാൻ നമ്മളെ ഇടയാക്കുന്നു.

മുൻകാലങ്ങളിൽ, ഒരാളുടെ തല എണ്ണകൊണ്ട് അഭിഷേകം ചെയ്യപ്പെട്ടിരുന്നു, പ്രത്യേകിച്ചും ആഘോഷവേളകളിൽ. നമ്മുടെ ശത്രുക്കളുടെ സാന്നിധ്യത്തിൽ ആയിരിക്കുമ്പോൾ കർത്താവ് നമ്മുടെ തലയിൽ ചൊരിയുന്ന സന്തോഷത്തിന്‌റെ എണ്ണയാണ് ഇത്.

നമ്മെ ലജ്ജാകരമായ അവസ്ഥയിൽ ബന്ധിപ്പിക്കാൻ കഴിവുള്ള പീഡനത്തിന്റേയോ ഏറ്റുമുട്ടലിന്റേയോ സമയങ്ങളിൽ, സങ്കീർത്തനം 23:5 നമ്മെ ഓർമ്മിപ്പിക്കുന്നത് ക്രിസ്തുവിന്റെ വിശ്വാസികളെന്ന നിലയിൽ നാം ഒരിക്കലും ലജ്ജിക്കുകയില്ല എന്നാണ്.

നമ്മുടെ ശത്രുക്കളുടെ സാന്നിധ്യത്തിൽ ദൈവം നമ്മെ ബഹുമാനിക്കുമെന്ന് നാം വിശ്വസിക്കേണ്ടതുണ്ട്. അതുകൊണ്ടാണ്, നമ്മുടെ സാഹചര്യങ്ങൾ എത്ര ബുദ്ധിമുട്ടാണെങ്കിലും, ആരാധനയുടെയും നന്ദിയുടെയും സ്തുതിയുടെയും ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കണം. നാം ദൈവത്തിന്റെ സന്തോഷത്തിൽ തുടരുകയും അവനിൽ വിശ്വസിക്കുകയും ചെയ്യണം.

നമ്മുടെ ചിന്തകളും മനോഭാവങ്ങളും പ്രവർത്തനങ്ങളും ദൈവത്തിന്റെ ശുദ്ധമായ സത്യങ്ങളിൽ മുഴുകുമ്പോൾ, നമുക്ക് ഭയമില്ല. വാസ്തവത്തിൽ, ദൈവം നമ്മെ സമൃദ്ധമായി എത്രമാത്രം സ്നേഹിക്കുന്നു, നൽകുന്നു, സംരക്ഷിക്കുന്നു, ബഹുമാനിക്കുന്നുവെന്ന് മറ്റു പലരും മനസ്സിലാക്കാൻ തുടങ്ങും. നമ്മുടെ പാനപാത്രവും കവിഞ്ഞൊഴുകുന്നു! ഹല്ലേലൂയാ!

**നിങ്ങളുടെ വെല്ലുവിളി:** കർത്താവിന്റെ സംരക്ഷണവും ശക്തിയും സന്തോഷവും സ്വീകരിക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടാകാൻ നിങ്ങളുടെ ജീവിതത്തിന്റെ ഏത് മേഖലകളിലാണ് മാറ്റം വരേണ്ടത്?

**പ്രാർത്ഥന:**
(നിങ്ങളുടെ സ്വന്തം പ്രാർത്ഥന എഴുതുക)

## ദിവസം 22 - ദൈവവുമായുള്ള നിത്യത (സങ്കീർത്തനം 23:6)

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാളുടെ ആത്മവിശ്വാസം വിവരിക്കാനാവില്ല. മുമ്പത്തെ വാക്യങ്ങളിൽ കർത്താവിനെ തന്റെ ഇടയനും ദാതാവും സംരക്ഷകനുമായി അംഗീകരിച്ചതിനുശേഷം സങ്കീർത്തനക്കാരന് അത്തരമൊരു ആത്മവിശ്വാസം ഉണ്ടായിരുന്നു. നമ്മുടെ ആന്തരികാവസ്ഥയിൽ, നമ്മുടെ ദൈവം നമുക്ക് ഒരു ദോഷവും ചെയ്യില്ലെന്ന് നമുക്കറിയാം. അവൻ എപ്പോഴും നല്ലവനാണ്. നമ്മുടെ ആന്തരികാവസ്ഥയിൽ, ദൈവം നമ്മോട് വളരെ അനുകമ്പയുള്ളവനാണെന്നും അവന്റെ കരുണ ആവർത്തിച്ച് പ്രകടമാക്കുന്നുവെന്നും നമുക്കറിയാം.

സങ്കീർത്തനക്കാരൻ 23-ാം സങ്കീർത്തനം ഇങ്ങനെ അവസാനിപ്പിക്കുന്നു:

> 6 നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും

ദൈവം നമുക്ക് എത്ര രണ്ടാം അവസരങ്ങൾ നൽകി? അവയെല്ലാം ദൈവത്തിന്റെ കരുണയായി കണക്കാക്കുക. അവൻ എത്ര തവണ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു? അവയെല്ലാം ദൈവകൃപയായി കണക്കാക്കുക. ഈ സ്നേഹവും ദയയും അവിടുന്ന് കാണിക്കുമ്പോൾ, ദൈവത്തിന്റെ നന്മ നാം തിരിച്ചറിയുന്നു.

ദൈവം നമുക്കു നൽകുന്ന കരുതലിലൂടെ അവന്റെ നന്മ കാണിക്കുന്നു. നിരുപാധികമായ സ്നേഹത്തിലൂടെ ദൈവം തന്റെ കരുണ കാണിക്കുന്നു. നാം അവിശ്വസ്തരായിരിക്കുമ്പോൾ പോലും ദൈവം വിശ്വസ്തനായി തുടരുന്നു. നമ്മുടെ ജീവിതസാഹചര്യങ്ങളുടെ ഇരുണ്ടതും ആഴത്തിലുള്ളതുമായ താഴ്‌വരകളിലൂടെ, ദൈവത്തിന്റെ നന്മയും കരുണയും നമ്മുടെ അവസാന ശ്വാസം വരെയും അതിനുമപ്പുറവും എല്ലായ്പ്പോഴും നമ്മെ പിന്തുടരുമെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ വിശ്വസിക്കാൻ കഴിയും.

ദൈവം നമ്മുടെ നിത്യ ഭവനമായി മാറുന്നു. നമ്മുടെ നിത്യതയുടെ ഉറപ്പ് ഇടയ-രാജാവായ ക്രിസ്തുവിലാണ്. ദൈവത്തിന്റെ നന്മയുടെയും കരുണയുടെയും അവതാരത്തിലെ നമ്മുടെ സുരക്ഷ, ഓരോ യഥാർത്ഥ വിശ്വാസിയെയും അടുപ്പമുള്ള ഐക്യത്തിൽ ഒത്തുചേരാൻ അനുവദിക്കുന്നു.

നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന് എഴുന്നേറ്റു നിന്ന് "ഹല്ലേലൂയാ! ആമേൻ!" എന്ന ശബ്ദം പുറപ്പെടുവിക്കുകയല്ലാതെ വേറെ വഴിയില്ല.

**നിങ്ങളുടെ വെല്ലുവിളി:** കഴിഞ്ഞ മൂന്ന് ദിവസങ്ങളിൽ ദൈവം എങ്ങനെ തന്റെ നന്മയും കരുണയും നിങ്ങൾക്ക് കാണിച്ചു?

**പ്രാർത്ഥന:**
ദൈവത്തിന്റെ നന്മയും കരുണയും എന്നെയും, ഞാൻ സ്നേഹിക്കുന്ന എല്ലാവരെയും എന്റെ ജീവിതത്തിലെ എല്ലാ ദിവസവും തീർച്ചയായും പിന്തുടരട്ടെ . കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ എന്നേക്കും കർത്താവിന്റെ ആലയത്തിൽ വസിക്കും. ദൈവത്തിന്റെ നന്മയയും കരുണയയും വേഗത്തിൽ ഞാൻ തിരിച്ചറിഞ്ഞ് നന്ദി പറയയാൻ ഇടയാകട്ടെ . ആമേൻ.

## ദിവസം 23 - ലോകം പരമാധികാര ദൈവത്തിന്റേതാണ്

**(സങ്കീർത്തനം 24:1-2)**

എഴുത്തുകാരി : റേച്ചൽ ചിന്തു (ഇന്ത്യ)

നമ്മുടെ സ്വാഭാവിക ജീവിതത്തിൽ നമ്മൾ ഉടമസ്ഥരാണെന്നും നമ്മുടെ ജീവിതത്തിന്റെ അധികാരപത്രം കൈവശം വയ്ക്കുന്നത് നമ്മളാണ് എന്ന രീതിയിലാണ് മുന്നോട്ട് പോകുന്നത്. നമുക്ക് ചുറ്റുമുള്ളതൊന്നും നമ്മുടേതല്ലെന്ന് സങ്കീർത്തനം 24:1-2 ശക്തമായി ഓർമ്മിപ്പിക്കുന്നു. ഉടമസ്ഥാവകാശം നമ്മുടെ നിത്യ ദൈവത്തിന്റേതാണ്. അപ്പോൾ, നമ്മൾ ആരുടേതാണ്, നമ്മുടെ സ്വന്തമായി എന്താണുള്ളത്?

സങ്കീർത്തനം 24: 1-2 പ്രഖ്യാപിക്കുന്നതു:

> ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവേക്കുള്ളതാകുന്നു. സമുദ്രങ്ങളുടെ മേൽ അവൻ അതിനെ സ്ഥാപിച്ചു; നദികളുടെമേൽ അവൻ അതിനെ ഉറപ്പിച്ചു. നമ്മൾ ജീവിക്കുന്ന ചെറിയ ലോകം പരിഗണിക്കുക.

ചുരുങ്ങിയ സമയത്തേക്ക് നമ്മളെ ഭരമേൽപ്പിച്ച കാര്യങ്ങളുടെ പരിപാലകരോ കാര്യസ്ഥരോ മാത്രമാണ് നമ്മൾ . സങ്കീർത്തനം 24:1 പറയുന്നു ഭൂമിയും അതിന്റെ പൂർണ്ണതയും മാത്രമല്ല, അതിലെ ജനങ്ങളെല്ലാം അവന്റേതാണെന്ന് പറയുന്നു.

അതിനാൽ, നമ്മുടെ ജീവിതത്തിന്റെ "നിയന്ത്രണവും" "ചുമതലയും" നമ്മളിൽ ആണെന്ന് നാം കരുതുന്നുവെങ്കിൽ, ദൈവം മാത്രമാണ് ആത്യന്തിക അധികാരിയും പരമാധികാരിയും ഭൂമിയുടെ രാജാവും എന്ന് ദൈവം സ്ഥിരീകരിക്കുന്നു. അങ്ങനെ, നമ്മുടെ ജീവിതം അവനുള്ളതാണ്. ഉദാഹരണത്തിന്, മാതാപിതാക്കൾ അല്ലെങ്കിൽ മറ്റ് മുതിർന്നവർ തങ്ങളുടെ കുടുംബത്തിനു മേൽ, പ്രത്യേകിച്ച് കുട്ടികൾക്ക്മേൽ ഒരു പരിധിവരെ അധികാരവും നിയന്ത്രണവും ചെലുത്തുന്നുവെന്നാണു കരുതുന്നതു.

എത്രയായാലും, നമ്മൾ നമ്മുടെ കുട്ടികളുടെ കേവലം പരിപാലകർ മാത്രമാണ്. നമ്മുടെ കുട്ടികൾ പൂർണമായും ദൈവത്തിന്റേതാണ്. അവർ ദൈവത്തിന്റേതാണെന്ന് നമ്മൾ ഒരു പരിധിവരെ അംഗീകരിക്കുന്നുണ്ടെങ്കിലും, നമ്മുടെ കുട്ടികളുടെ ഉടമസ്ഥാവകാശം നമ്മൾ യഥാർത്ഥത്തിൽ ദൈവത്തിന്റെ കൈയിൽ വിടുന്നുണ്ടോ?

യേശുവിനെ നമ്മുടെ കർത്താവും രക്ഷകനുമാണെന്ന് പ്രഖ്യാപിക്കുമ്പോഴാണ് നമ്മുടെ ജീവിതത്തിന്റെ പൂർണ നിയന്ത്രണം ഏറ്റെടുക്കാൻ നാം ദൈവത്തെ ക്ഷണിക്കുന്നത്. ദൈവത്തെ കൂടുതൽ അറിയാനും അവന്റെ വാഗ്ദാനങ്ങളിൽ ആശ്രയിക്കാനുമുള്ള സമയമാണിത്. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും യേശു നമ്മുടെ കർത്താവാകട്ടെ, അവിടുന്ന് നമ്മുടെ ആദ്യത്തെ മുൻഗണനയാകട്ടെ.

**നിങ്ങളുടെ വെല്ലുവിളി:** പരമാധികാരിയും അനുകമ്പയുള്ളവനുമായ ദൈവത്തോട് നാം എങ്ങനെ പ്രതികരിക്കണം?

**പ്രാർത്ഥന:**
ദൈവമേ, അങ്ങയുടെ കണ്ണു കാണുന്നതുപോലെ കാണാൻ എന്നെ സഹായിക്കണമേ. കർത്താവായ യേശു എന്റെ അടിസ്ഥാനം, വിശ്വസ്തനായ ഒരു ഗൃഹവിചാരകനായി എന്റെ ജീവിതം നയിക്കാൻ ഞാൻ തിരഞ്ഞെടുക്കുന്നു. ഓരോ നിമിഷത്തിലും, ദൈവം തന്റെ പരമാധികാര നന്മയും കരുണയും കൊണ്ട് എന്നെ അനുഗ്രഹിച്ചതിനാൽ ഞാൻ നന്ദി പറയുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ വിശുദ്ധനാമത്തിൽ, ആമേൻ.

# ദിവസം 24 - കർത്താവിനോടുള്ള വിജയകരമായ പ്രതിബദ്ധത

**(സദൃശവാക്യങ്ങൾ 16:3)**

എഴുത്തുകാരി : റേച്ചൽ ചിന്തു (ഇന്ത്യ)

ജീവിതത്തിലൂടെ സഞ്ചരിക്കുമ്പോൾ, നമ്മുടെ പുരോഗതിയുടെയും വളർച്ചയുടെയും ഭാഗമായി നാം നിരവധി തീരുമാനങ്ങൾ എടുക്കുന്നു. ചിലപ്പോൾ, നമ്മളുടെ തീരുമാനങ്ങളും ആശയങ്ങളും നമ്മൾ ആഗ്രഹിക്കുന്ന ഫലങ്ങൾ നൽകില്ല. നിങ്ങൾ എന്നെപ്പോലെയാണെങ്കിൽ, നിങ്ങളുടെ എല്ലാ പദ്ധതികളും മികച്ചതും വിജയകരവുമായ ഫലങ്ങൾ നൽകണമെന്ന് നിങ്ങൾ ആഗ്രഹിച്ചേക്കാം.

ഒന്നര വർഷം മുമ്പ്, മതിയായ സാമ്പത്തിക പിന്തുണയില്ലാതെ ഒരു വീട് വാങ്ങാൻ ഞാനും എന്റെ ഭർത്താവും വിശ്വാസത്തിൽ മുന്നേറാൻ തീരുമാനിച്ചു. ഞാൻ കുടുംബത്തെ പരിപാലിക്കുമ്പോൾ എന്റെ ഭർത്താവിൻറെ ഏക വരുമാനത്തിൽ ആശ്രയിക്കുന്നതിനാൽ ഇത് വളരെ ബുദ്ധിമുട്ടുള്ള തീരുമാനമായിരുന്നു.

എല്ലാ അറിവുകളുടെയും ശക്തിയുടെയും ഉറവിടമായ കർത്താവിന് ചിന്തയിലും വാക്കിലും പ്രവൃത്തിയിലും നാം ചെയ്യുന്നതെല്ലാം സമർപ്പിക്കുകയും ഏൽപ്പിക്കുകയും ചെയ്യുക എന്നതാണ് വിജയം ഉറപ്പാക്കാനുള്ള ഏക മാർഗ്ഗമെന്ന് വചനം വെളിപ്പെടുത്തുന്നു.

സദൃശവാക്യങ്ങൾ 16:3 വായിക്കുന്നു:

> നിങ്ങൾ ചെയ്യുന്നതെന്തും കർത്താവിനോട് സമർപ്പിക്കുക,
> നിങ്ങളുടെ പദ്ധതികൾ വിജയിക്കും.

നമ്മെ ശക്തിപ്പെടുത്തുന്ന ക്രിസ്തുവിലൂടെ എല്ലാം ചെയ്യാൻ, നമ്മെ സഹായിക്കുന്നതിലൂടെ, നമ്മുടെ പദ്ധതികൾ അഭിവൃദ്ധിപ്പെടുമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. എത്ര അത്ഭുതകരവും വിശ്വസ്തവുമായ പിതാവും വഴികാട്ടിയും ആണ് നമുക്കുള്ളത് ! അവൻ എപ്പോഴും നമ്മോടൊപ്പമുണ്ട്, അവൻ എപ്പോഴും നമ്മോടു കൂടെ ഉണ്ടായിരിക്കും. നമ്മുടെ എല്ലാ ജീവിത രീതികളിലും തന്നെ അംഗീകരിക്കാൻ ദൈവം തന്റെ മക്കളിൽ നിന്നും ആഗ്രഹിക്കുന്നു.

മുന്നോട്ട് പോകാനുള്ള തീരുമാനം ഏറ്റെടുക്കാൻ ദൈവം ഞങ്ങളെ നയിച്ചു. ഈ വീട് വാങ്ങുന്നതിന് ഞങ്ങൾക്ക് എങ്ങനെ ഫണ്ട് ലഭിക്കുമെന്നതിനെക്കുറിച്ച് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ഞങ്ങൾക്ക് വേണ്ടിയ പണം നല്കാൻ കഴിയുന്ന ദൈവത്തെ ഞങ്ങൾ പൂർണമായും വിശ്വസിച്ചു. ഇപ്പോൾ ഞങ്ങൾ പ്രതിഫലിപ്പിക്കുമ്പോൾ, നമ്മെ അത്ഭുതകരവും അതിശയകരവുമായ നയിച്ച നമ്മുടെ വിശ്വസ്തനായ ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. ദൈവം നൽകിയ ഈ ഭവനം ഞങ്ങൾക്കായി കാത്തിരിക്കുകയാണ്.

അനുസരണം അനേകം അനുഗ്രഹങ്ങൾ നൽകുന്നു. ദൈവത്തിന്റെ പരിചരണത്തിലും , സ്നേഹത്തിലും നമ്മുടെ എല്ലാ വഴികളും ഏൽപ്പിച്ചുകൊണ്ട് നാം ദൈവത്തെ അനുസരിക്കുമ്പോൾ, അവിടുത്തെ നന്മയിൽ നമ്മെ സ്ഥാപിച്ചുകൊണ്ട് അവൻ നമ്മെ വിശ്വസ്തതയോടെ അനുഗ്രഹിക്കും.

അവിടുന്ന് നമ്മെ സ്ഥാപിച്ചുകഴിഞ്ഞാൽ, എന്തെങ്കിലും പ്രയാസകരമായ സാഹചര്യങ്ങളുണ്ടായാലും , നാം ഒട്ടും കുലുങ്ങുകയില്ല, അവിടുന്ന് നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന എല്ലാ കാര്യങ്ങളിലും നാം തഴച്ചുവളരും. ദൈവം നമ്മുടെ തീരുമാനമെടുക്കുന്നവനാകണമെന്നാണ് എന്റെ പ്രാർത്ഥന.

**നിങ്ങളുടെ വെല്ലുവിളി:** നിങ്ങളുടെ ജീവിതത്തിലെ എന്തൊക്കെ ചില വശങ്ങൾ ആണ് നിങ്ങൾ കർത്താവിനോട് സമർപ്പിക്കുകയോ വീണ്ടും പ്രതിജ്ഞ ചെയ്യുകയോ ചെയ്യേണ്ടത്?

**പ്രാർത്ഥന:**
സ്വർഗ്ഗീയപിതാവേ, എന്റെ ജീവിതത്തിലെ അങ്ങയുടെ പരമാധികാരവും ജ്ഞാനവും ഞാൻ അംഗീകരിക്കുന്നു. എന്റെ ജീവിതത്തിന്റെ പദ്ധതികൾ അങ്ങയിൽ സമർപ്പിക്കാൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എന്നെ പ്രാപ്തനാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണമേ. എല്ലാ കരുതലുകളിലും അങ്ങയെ വിശ്വസിക്കാനും എന്റെ എല്ലാ പദ്ധതികളും ഞാൻ അങ്ങയിൽ സമർപ്പിക്കുമ്പോൾ എനിക്ക് സമാധാനം നൽകാനും എന്നെ സഹായിക്കണമേ. എപ്പോഴും അങ്ങയുടെ വിജയവും മഹത്വവും തേടാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ആമേൻ.

## ദിവസം 25 - ക്രിസ്തുവിലുള്ള പ്രത്യാശ, വിശ്വാസവും സ്നേഹവും ഉള്ള പ്രവർത്തിക്കൾ സൃഷ്ടിക്കുന്നു (1 തെസ്സലൊനീക്യർ 1:2-3)

എഴുത്തുകാരി : റേച്ചൽ ചിന്തു (ഇന്ത്യ)

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഒരു ക്രിസ്മസ് സീസണിൽ, എന്റെ രാജ്യത്തിലെ മുൻ വിശ്വാസികളായ എന്റെ അയൽക്കാരോട് തന്റെ സ്നേഹം പങ്കിടാൻ ദൈവം എന്നെ പ്രേരിപ്പിച്ചു. സൂപ്പർമാർക്കറ്റിൽ നിന്ന് ചില ക്രിസ്മസ് ട്രീറ്റുകൾ വാങ്ങാനും വ്യക്തിഗതമാക്കിയ ക്രിസ്മസ് ആശംസകൾ വിതരണം ചെയ്യാനുമാണ് ഞാൻ ആദ്യം കരുതിയത് . എന്നിരുന്നാലും, ആദ്യമായി വീട്ടിൽ തന്നെ ബെയ്ക്ക് ചെയ്യാൻ ദൈവസ്നേഹം എന്നെ പ്രോത്സാഹിപ്പിച്ചു.

അഞ്ച് കുടുംബങ്ങൾക്ക് വീട്ടിൽ നിർമ്മിച്ച ട്രീറ്റുകളുമായി അവിടുത്തെ സ്നേഹത്തിന്റെ സന്ദേശം പങ്കിടാൻ എനിക്ക് കഴിഞ്ഞു.

1 തെസ്സലൊനീക്യർ 1:2-3 ൽ അപ്പൊസ്തലനായ പൗലോസിലൂടെ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു.

> ഞങ്ങളുടെ പ്രാർത്ഥനയിൽ നിങ്ങളെ സ്മരിച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ വേലയും സ്നേഹപ്രയത്നവും 3 നമ്മുടെ കർത്താവായ യേശിക്രിസ്തുവിനെക്കുറിച്ചുള്ള പ്രത്യാശയുടെ സ്ഥിരതയും ഇടവിടാതെ നമ്മുടെ ദൈവവും പിതാവുമായവന്റെ സന്നിധിയിൽ ഓർത്തു

ലോകത്തിന്റെ ഉപ്പും വെളിച്ചവുമാകാൻ യേശു നമ്മെ വിളിക്കുകയും കൽപിക്കുകയും ചെയ്യുന്നു, അങ്ങനെ നമ്മുടെ സൽകർമ്മങ്ങൾ പ്രകാശിക്കുകയും എല്ലാവരും നമ്മുടെ സ്വർഗ്ഗീയപിതാവിനെ സ്തുതിക്കുകയും ചെയ്യും. നമ്മൾ ദൈവത്തെ മഹത്വപ്പെടുത്താൻ ശ്രമിക്കുന്നു, അല്ലാത്തപക്ഷം നമ്മുടെ ചുമതലകൾ നിറവേറ്റുന്നതിനുള്ള എല്ലാ ജോലിയും പരിശ്രമവും ഫലമില്ലാത്തതും സ്വാർത്ഥത നിറഞ്ഞതായിരിക്കും.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യാശയിൽ നമ്മുടെ വിശ്വസ്ത പ്രവർത്തനവും സ്നേഹനിർഭരമായ പ്രവർത്തനങ്ങളും കെട്ടിപ്പടുക്കണം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ജീവനുള്ളതും നിലനിൽക്കുന്നതുമായ പ്രത്യാശയിൽ ക്ഷമയോടെ തുടരാൻ നാം പ്രചോദിതരാകുന്നു. നമ്മിൽ മിക്കവർക്കും ദൈവത്തിലുള്ള വിശ്വാസത്തോടും കൂടിയ ഒരു 'മികച്ച തുടക്കം' ഉണ്ട്, എന്നാൽ ചുമതലകൾ നിറവേറ്റുന്നതിന് നമ്മുടെ സ്വന്തം കഴിവുകളെ ആശ്രയിച്ച് മോശമായി അവസാനിക്കുന്നു. നാം പീഡനങ്ങളെ അഭിമുഖീകരിക്കുമ്പോൾ ക്രിസ്തുയേശുവിലുള്ള പ്രത്യാശ നഷ്ടപ്പെടാന് സാധ്യതയുണ്ട്.

നാം നമ്മുടെ വേലയിൽ വിശ്വസ്തരായിരിക്കാം, എന്നാൽ നമ്മുടെ പ്രവൃത്തി ദൈവസ്നേഹത്താൽ പ്രചോദിതമല്ലെങ്കിൽ, നാം സ്വയം സേവിക്കുകയേയുള്ളൂ.

**നിങ്ങളുടെ വെല്ലുവിളി:** ദൈവത്തോടുള്ള നിങ്ങളുടെ സേവനം സവിശേഷവും അതുല്യവുമാണെന്ന് നിങ്ങൾ എങ്ങനെ ഉറപ്പാക്കും? ക്രിസ്തുവിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്ന നിങ്ങളുടെ ഉള്ളിലുള്ളത് എന്താണ്?

**പ്രാർത്ഥന:**
ദൈവം തന്റെ സ്നേഹം നമ്മുടെ ഹൃദയത്തിൽ നിറയ്ക്കട്ടെ. ദൈവമേ, അങ്ങയുടെ സേവനത്തിനായി ഞങ്ങളെത്തന്നെ സമർപ്പിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ സഹായിക്കണമേ . അതിനാൽ മറ്റു പലരും തുടർച്ചയായി അങ്ങയെ സ്തുതിക്കുകയും മഹത്വം നൽകുകയും ചെയ്യട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ . ആമേൻ

## ദിവസം 26 - ഭയം വേണ്ട, വിശ്വസിക്കുക മാത്രം (മർക്കോസ് 5:36)

നിങ്ങൾ എന്തിനെങ്കിലും വേണ്ടി ദൈവത്തെ വിശ്വസിച്ചിട്ടുണ്ടോ? പ്രത്യേകിച്ചും രോഗശാന്തി അത്ഭുതങ്ങൾക്കായിട്ടു? മറ്റൊരു രാജ്യത്തേക്ക് പുറപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് എനിക്ക് കണങ്കാലിൽ വീക്കം സംഭവിച്ച ഒരു കാലം ഞാൻ ഓർക്കുന്നു. വീട്ടുജോലികളൊന്നും ചെയ്യാൻ കഴിയാത്തവിധം വേദനാജനകമായിരുന്നു. എന്റെ പള്ളിയിലെ രോഗശാന്തി ശുശ്രൂഷ നഷ്ടപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചു. ഒന്നാമതായി, എനിക്ക് പള്ളിയിൽ ഒരു ടാക്സി എടുക്കാമെന്നും രണ്ടാമതായി, എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ എന്റെ സുഹൃത്തിനോട് ആവശ്യപ്പെടാമെന്നും ദൈവം എന്റെ മനസ്സിൽ തോന്നൽ നല്കി. ഞാൻ ദൈവത്തെ അനുസരിച്ചു.

കർത്താവായ യേശു സിനഗോഗിലെ ഭരണാധികാരിയോട് മർക്കോസ് 5:36 ൽ പറഞ്ഞു,

ഭയപ്പെടരുത്, വിശ്വസിക്കുക മാത്രം.

മകൾ മരിച്ചുപോയ ഒരു പിതാവിനോട് യേശു സംസാരിക്കുകയായിരുന്നു. ഭയപ്പെടാതെ വിശ്വസിക്കണമെന്ന് യേശു പറഞ്ഞപ്പോൾ പിതാവിന്റെ ആശ്ചര്യം സങ്കൽപ്പിക്കുക. യേശു ആരെയാണ് പ്രതിനിധീകരിക്കുന്നതെന്ന് വിശ്വസിക്കുമോ എന്ന് പിതാവിന് തീരുമാനിക്കേണ്ടി വന്നു; യേശുവിന് സുഖപ്പെടുത്താൻ കഴിയുമെന്ന് വിശ്വസിക്കുക. എല്ലാത്തിനുമുപരി, യേശു സ്വർഗ്ഗസ്ഥനായ പിതാവിനെ പ്രതിനിധീകരിച്ചു.

യേശുവിന് സുഖപ്പെടുത്താൻ കഴിയുമെന്ന വിശ്വാസത്തിൽ ഭൗമികമായ പിതാവ് അലയടിച്ചില്ല; അവൻ യേശുവിനെ വീട്ടിലേക്ക് ക്ഷണിച്ചു. പെൺകുട്ടി ഉറങ്ങുകയാണെന്ന് യേശു ജനക്കൂട്ടത്തോട് പറയുന്നു. എഴുന്നേൽക്കാൻ യേശു കൊച്ചു പെൺകുട്ടിയോട് കല്പിച്ചു. അവൾ അങ്ങനെ ചെയ്തു.

വീർത്ത കണങ്കാലുമായി എന്റെ പള്ളിയിലേക്ക് പോകാമെന്ന് വിശ്വസിക്കാൻ ദൈവം തീർച്ചയായും എന്നെ വെല്ലുവിളിച്ചു.

പള്ളിയിൽ പ്രവേശിച്ചപ്പോൾ, ഞാൻ എന്റെ സുഹൃത്തുക്കളെ കണ്ടു, മറ്റുള്ളവരോട് രോഗശാന്തി ശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് എനിക്ക് രോഗശാന്തി പ്രാർത്ഥന ആവശ്യമാണെന്ന് അവരിൽ ഒരാളോട് ഞാൻ മന്ത്രിച്ചു. ഞങ്ങളുടെ ആരാധനാ സെഷനുശേഷം അവർ തീർച്ചയായും പ്രാർത്ഥിക്കുമെന്ന് അവർ എനിക്ക് ഉറപ്പ് നൽകി.

ശരി, ഞങ്ങൾ ആരാധിക്കാൻ തുടങ്ങി, ഞങ്ങൾ ഒരു ഗാനം ആലപിച്ചു കൊണ്ടിരുന്നപ്പോൾ , കർത്താവായ യേശുവിൽ നിന്ന് ഒരു ശബ്ദം ഞാൻ കേട്ടു, “ഞാൻ ഇപ്പോൾ നിങ്ങളെ സുഖപ്പെടുത്തുന്നു!” എന്റെ പ്രതികരണം ഇതായിരുന്നു, “അതെ, കർത്താവേ! എനിക്കു ഇപ്പോൾ ഈ രോഗശാന്തി ലഭിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു”. ആരാധന വേളയിൽ വേദനയും വീക്കവും തൽക്ഷണം ഇല്ലാതായി.

രോഗശാന്തിക്കായി എന്റെ സുഹൃത്തുക്കൾക്ക് ഇനി പ്രാർത്ഥിക്കേണ്ട ആവശ്യമില്ല. ഹല്ലേലൂയാ! എന്റെ ശരീരത്തിൽ രോഗശാന്തിക്കുള്ള ദൈവത്തിന്റെ ശക്തിയെ ഞാൻ കണ്ടു.

**നിങ്ങളുടെ വെല്ലുവിളി:** ദൈവത്തിന്റെ ദൈവിക രോഗശാന്തിയിലുള്ള വിശ്വാസത്തിൽ നിന്ന് ഭയം നിങ്ങളെ പിന്തിരിപ്പിക്കുന്നുവെങ്കിൽ, മാനസാന്തരപ്പെടുക. നിങ്ങളുടെ ഭയം ഉപേക്ഷിച്ച്, കർത്താവായ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുകയും പെട്ടെന്നുള്ള രോഗശാന്തി കാണുന്നില്ലെങ്കിലും, ഇപ്പോഴത്തെ കഷ്ടപ്പാടുകൾക്കിടയിൽ സന്തോഷം പകരാൻ സുഖപ്പെടുത്തുന്നവനെ വിശ്വസിക്കുകയും ചെയ്യുമെന്ന് നിങ്ങൾ വിശ്വസിക്കുമോ?

**പ്രാർത്ഥന:**
കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിധ്യവും ദൈവിക രോഗശാന്തിയും ഇന്ന് എന്റെ ശരീരത്തിലും ആത്മാവിലും അനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്ക് അനുഭവപ്പെടുന്ന എല്ലാ വേദനകളും നീക്കം ചെയ്തതിന് ദൈവത്തിന് നന്ദി. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നെ വീണ്ടും സുഖപ്പെടുത്തിയതിന് നന്ദി. ആമേൻ.

## ദിവസം 27 : യേശു, എന്ന ജീവ വെള്ളം (യോഹന്നാൻ 7:38)

ക്രിസ്തുവിനോടൊപ്പമുള്ള നമ്മുടെ ദൈനംദിന നടത്തത്തിൽ നമ്മെ നയിക്കുകയും, വഴികാട്ടുകയും ചെയ്യുന്നവനാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ്. 2019 ൽ, ക്രിസ്ത്യാനികളിൽ വളരെ ചെറിയ ശതമാനം ഉള്ളതും മതപരമായ ഘടനയുള്ള ഒരു രാജ്യം ഞാൻ സന്ദർശിക്കുകയായിരുന്നു. എന്റെ ക്രിസ്ത്യൻ സുഹൃത്ത് എന്നെ വിമാനത്താവളത്തിൽ കാത്തിരിക്കുകയായിരുന്നു.

ഞാൻ പുറത്തേക്കിറങ്ങിയ ഉടൻ, ഒരു യുവതി ബോധരഹിതനാണെന്നും നിർജീവമാണെന്നും അവൾ എന്നോട് പറഞ്ഞു. എന്റെ ആദ്യത്തെ പ്രതികരണം, "എനിക്ക് അവൾക്കുവേണ്ടി പ്രാർത്ഥിക്കാമോ?" എന്നായിരുന്നു. എനിക്ക് ചുറ്റും മറ്റ് രണ്ട് വിശ്വാസ സംഘങ്ങളും പോലീസുകാരും ഉണ്ടെന്ന് ഞാൻ കാര്യമാക്കിയില്ല. പ്രാർത്ഥിക്കുന്നത് എനിക്ക് സ്വീകാര്യമായിരിക്കുമെന്നു എന്റെ സുഹൃത്ത് പറഞ്ഞു.

ശരി, മറ്റൊരു വിശ്വാസ സംഘത്തിൽ നിന്നുള്ള ഈ യുവതിയുടെ മേൽ ഞാൻ കൈവെച്ചു, കർത്താവായ യേശുക്രിസ്തുവിന്റെ മഹത്തായ നാമത്തിൽ അവളിലേക്ക് ദൈവത്തിന്റെ ജീവൻ പകരാൻ ഞാൻ പ്രാർത്ഥിച്ചു. എന്റെ ധൈര്യത്തിൽ ഞാൻ ആശ്ചര്യപ്പെട്ടു, എന്നാൽ അത്തരം അധികാരത്തോടും ശക്തിയോടും കൂടി പ്രഖ്യാപിക്കാൻ എന്നെ അനുവദിച്ചത് എന്നിലുള്ള പരിശുദ്ധാത്മാവാണ് എന്ന് എനിക്കറിയമായിരുന്നു.

യോഹന്നാൻ 7:38 ൽ കർത്താവായ യേശു പറയുന്നു :

> "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും".
> ഈ ജീവിതത്തിന്റെ ഉറവിടം യേശുവാണ്.

ജീവവെള്ളം ദൈവത്തിന്റെ സാന്നിധ്യവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവനുള്ള ജലത്തിന്റെ ഉറവിടം ദൈവമാണ്. വെളിപാടിന്റെ പുസ്തകത്തിൽ ദൈവത്തിന്റെ സിംഹാസനത്തിൽ നിന്ന് ജീവിതനദി ഒഴുകുന്നു.

ക്രിസ്തുവിലുള്ള വിശ്വാസികളെന്ന നിലയിൽ, നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനോടൊപ്പം പടിപടിയായി നടക്കുന്നു, പരിശുദ്ധാത്മാവ് നമ്മെ എങ്ങനെ നയിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് നാം ജാഗരൂകരായിരിക്കണം.

അന്ന് വിമാനത്താവളത്തിൽ, ഈ യുവതിക്ക് ജീവൻ പകരാൻ ഞാൻ ദൈവത്തോട് ആവശ്യപ്പെടുകയും "ആമേൻ" എന്ന് പറയുകയും ചെയ്തതിന് ശേഷം അവളുടെ കണ്ണുകൾ ഉടനെ തുറന്നു. അവൾ ആഴത്തിൽ ശ്വസിക്കുകയും അവളുടെ കുടുംബത്തിനും ചുറ്റുമുള്ള മറ്റുള്ളവർക്കും ആശ്വാസം ലഭിക്കുകയും ചെയ്തു. എന്റെ പെട്ടെന്നുള്ള നടപടി കർത്താവായ യേശുക്രിസ്തുവിന് വളരെ ഉച്ചത്തിൽ "യേശുവേ, നന്ദി" എന്ന് പറയുക എന്നതായിരുന്നു. അന്ന് ദൈവം ഒരു അത്ഭുതം ചെയ്തു. പല മുൻ വിശ്വാസികളും അതിനു സാക്ഷികളായി. ജീവനുള്ള ദൈവത്തെ അവർ യഥാർത്ഥത്തിൽ അറിയണമെന്നാണ് എന്റെ പ്രാർത്ഥന.

സുഹൃത്തുക്കളേ, നാം കർത്താവായ യേശുക്രിസ്തുവിൽ യഥാർഥത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, ഈ ഉറപ്പ് കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്, നമ്മുടെ ഹൃദയത്തിൽ നിന്ന് ജീവനുള്ള വെള്ളത്തിന്റെ നദികൾ ഒഴുകും. ദൈവത്തിന്റെ സാന്നിദ്ധ്യം മറ്റുള്ളവരെ ആഴമേറിയതും ജീവൻ നൽകുന്നതുമായ രീതിയിൽ സ്പർശിക്കും.

**നിങ്ങളുടെ വെല്ലുവിളി:** മറ്റുള്ളവരെയും ജീവിതത്തെയും സ്നേഹിക്കാൻ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ നിങ്ങളെ എങ്ങനെ (പ്രായോഗികമായി) തയ്യാറാക്കാം?

**പ്രാർത്ഥന:**
സ്വർഗത്തിൽ നിന്നുള്ള എല്ലാ നല്ല ദാനങ്ങളും സ്വർഗ്ഗീയപിതാവിനും ദൈവപുത്രനും പരിശുദ്ധാത്മാവിനും അവകാശപ്പെട്ടതാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എനിക്കായി ഉദ്ദേശിച്ച ചലനാത്മക ജീവിതം ഞാൻ സ്വീകരിക്കുന്നു. ആമേൻ.

## ദിവസം 28 : മുൻപേ ദൈവരാജ്യം (മത്തായി 6:33)

2019 നവംബറിൽ ഒരു നല്ല സുഹൃത്ത് എന്നെ മെക്സിക്കോയിൽ സന്ദർശിച്ചു. നഗരങ്ങൾ പര്യവേക്ഷണം ചെയ്യാനും നല്ല ഭക്ഷണം കഴിക്കാനും വചനം പഠിക്കാനും ഞങ്ങൾക്ക് നല്ല സമയമുണ്ടായിരുന്നു. 2020 ഏപ്രിലിൽ അകാപ്പുൾകോയിലേക്ക് ഒരു ചെറിയ അവധിക്കാലം ആസൂത്രണം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നുവെന്ന് ഡിസംബർ ആദ്യം ഒരു ദിവസം ഞാൻ അവളോട് പറഞ്ഞു.

ആറ് വ്യത്യസ്ത രാജ്യങ്ങളിൽ മൂന്നുമാസത്തെ തീവ്രമായ ശുശ്രൂഷയ്ക്കുശേഷം അൽപ്പം വിശ്രമം എടുക്കുന്നത് സമയബന്ധിതമായിരിക്കുമെന്ന് ഞാൻ വിചാരിച്ചു. ശുശ്രൂഷ എനിക്ക് പ്രധാനമാണ്, പക്ഷേ എന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തെ അനുസരിക്കാനും അവനോടൊപ്പം ശരിയായിരിക്കാനുമുള്ള ചെലവിൽ അല്ല.

മത്തായി 6:33 ൽ യേശു പറഞ്ഞു:

> മുമ്പെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, തിരക്കുള്ള ഒരു ശുശ്രൂഷ ഉണ്ടായിരുന്നിട്ടും, എന്റെ പ്രതിബദ്ധതകളിലൊന്ന് വിശ്രമിക്കുക എന്നതാണ്. വിശ്രമം എനിക്ക് പ്രധാനമാണ് കാരണം അത് ദൈവത്തെ പ്രസാദിപ്പിക്കുന്നു. പാഠങ്ങൾക്കായി ഞാൻ എന്റെ കുറിപ്പുകൾ തയ്യാറാക്കുകയോ സുവിശേഷ സന്ദേശമുപയോഗിച്ച് വീഡിയോകൾ സൃഷ്ടിക്കുകയോ ചെയ്യുന്ന സമയമല്ല ഇത്. എന്നെ സംബന്ധിച്ചിടത്തോളം, വിശ്രമിക്കുന്നത് ദൈവത്തോടൊപ്പം ശരിയായിരിക്കുന്നതിന്റെ ഭാഗമാണ്.

ഞാൻ ദൈവത്തിന്റെ നീതിയിൽ ആയിരിപ്പാൻ ശ്രമിക്കുമ്പോൾ എനിക്ക് എന്തെല്ലാം കാര്യങ്ങൾ ചേർക്കപ്പെടുന്നു ? മത്തായി 6: 33-ന് മുമ്പുള്ള വാക്യങ്ങൾ അറിയിക്കുന്നു നാം വിഷമിക്കുകയോ ഉത്കണ്ഠപ്പെടുകയോ ചെയ്യരുത് എന്നാണ്. നമുക്കായി എല്ലാം നൽകുന്ന ഒരു ദൈവം നമുക്കുണ്ട്, കാരണം അവൻ നമ്മെ പരിപാലിക്കുന്നു.

2020 ജനുവരി മുതൽ ലോകം പകർച്ചവ്യാധിയുമായി മല്ലിടുകയാണ്, നിങ്ങൾ ഈ ഭക്തി സന്ദേശം വായിക്കുമ്പോൾ പാൻഡെമിക് ഇല്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എന്റെ ഹ്രസ്വ അവധിക്കാലം ചിലവഴിക്കാൻ ഞാൻ അകാപുൽകോയിൽ എത്തുമായിരുന്നില്ല! പകരം, 2019 അവസാന വാരാന്ത്യം അകാപ്പുൾകോയിൽ എന്റെ വീട്ടുടമസ്ഥരുടെ കൂടെ ചെലവഴിക്കാൻ എന്നെ ക്ഷണിക്കാൻ ദൈവം അവരുടെ ഹൃദയത്തെ ചലിപ്പിച്ചു!

ഇത് അതിശയകരമായിരുന്നു കാരണം ഇത് എന്റെ ജന്മദിനത്തോടനുബന്ധിച്ചു ആയിരുന്നു. ദൈവം എനിക്ക് ഒരു അത്ഭുതകരമായ സമ്മാനം സമ്മാനിച്ചുവെന്ന് എനിക്ക് ശരിക്കും തോന്നി. ഞാൻ പൂർണ്ണമായും ആസ്വദിച്ചു.

നമ്മുടെ എല്ലാ ചെറിയ ആഗ്രഹങ്ങളും ആവശ്യങ്ങളും ദൈവം ശരിക്കും കരുതുന്നു. എന്റെ തിരക്കേറിയ ശുശ്രൂഷ യാത്രകൾക്ക് ശേഷം ഒരു ചെറിയ അവധിക്കാലം എടുക്കുന്നതിനുപകരം, എന്റെ ശുശ്രൂഷാ യാത്രകൾക്ക് മുമ്പായി ഒരു ചെറിയ വാരാന്ത്യ അവധിക്കാലം എടുക്കാൻ ദൈവം എനിക്കായി സംഘടിപ്പിച്ചു.

**നിങ്ങളുടെ വെല്ലുവിളി:** സുഹൃത്തുക്കളേ, നിങ്ങൾ എന്തിനെക്കുറിച്ചാണ് ഉത്കണ്ഠാകുലരാകുന്നത്? അറുക്കപ്പെട്ട കർത്താവായ യേശുക്രിസ്തുവിന്റെ കാൽക്കൽ നിങ്ങളുടെ ഉത്കണ്ഠ നിമിഷങ്ങളും സാഹചര്യങ്ങളും ഏൽപിച്ചുകൊടുക്കാൻ ഇന്ന് തിരഞ്ഞെടുക്കുക. കർത്താവായ യേശുക്രിസ്തുവിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ച് നിങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ള ദൈവരാജ്യ ജീവിതം നയിക്കുക.

**പ്രാർത്ഥന:**
സ്വർഗ്ഗീയപിതാവേ, അങ്ങയെ സ്നേഹിക്കുന്നവരിലേക്ക് അങ്ങയുടെ കണ്ണുകൾ എല്ലായ്പ്പോഴും ഉള്ളതിനാൽ നന്ദി. ഞങ്ങളുടെ യഹോവ യിരെയായ , യഹോവ റാഫയായ, നമ്മുടെ യഹോവ നിസിയായ അങ്ങയെ ഞങ്ങൾ വിശ്വസിക്കുന്നു . നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നമ്മുടെ ദൈനംദിന ജീവിതത്തിലെ നിമിഷങ്ങൾ ദൈവരാജ്യ നിമിഷങ്ങളായി ജീവിക്കാൻ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ സഹായിക്കണമേ ആമേൻ.

## ദിവസം 29: യേശുവിലേക്ക് ചായുക (മത്തായി 6:34)

മുമ്പത്തെ ഭക്തി സന്ദേശത്തിൽ ഉത്കണ്ഠയോ വിഷമതകളോ ഉണ്ടാകാതിരിക്കുന്നതിനെക്കുറിച്ച് ഞാൻ എഴുതി, നിങ്ങളുടെ ഉത്കണ്ഠ നിമിഷങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ കാൽക്കൽ വിടാൻ നിങ്ങളെ പ്രോത്സാഹിപ്പിച്ചു.

എന്റെ പുരോഗതി, സാമ്പത്തിക സ്ഥിതി, ജീവിതത്തിലെ നിർവ്വഹണം എന്നിവയെക്കുറിച്ച് ആശങ്കപ്പെടുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. എന്നിരുന്നാലും, കർത്താവായ യേശുക്രിസ്തുവിനു എന്നെ പരിപാലിക്കാൻ കഴിയും എന്ന് കഴിഞ്ഞ വർഷങ്ങളിൽ കർത്താവു എന്നെ പഠിപ്പിച്ചു.

ശുശ്രുഷയെക്കു വേണ്ടിയുള്ള ഫണ്ടുകൾക്കായി ഹൃദയങ്ങളെ ചലിപ്പിക്കാൻ, നമ്മുടെ ശുശ്രൂഷ ദൈവത്തെ ആശ്രയിച്ചാണിരിക്കുന്നത് . ചൈന ഇൻലാൻഡ് മിഷൻ (സിഐഎം) സ്ഥാപിച്ച ഹഡ്സൺ ടെയ്‌ലർ എന്ന ചൈനയിലേക്കുള്ള മിഷനറി എന്നെ വളരെ അധികം സ്വാധീനിച്ചിട്ടുണ്ട് . ചൈന ഇൻലാൻഡ് മിഷൻ (സിഐഎം) ഇപ്പോൾ ഓവർസീസ് മിഷനറി ഫെലോഷിപ്പ് (ഒഎംഎഫ്) എന്നറിയപ്പെടുന്നു.

ഏതൊരു മിഷനറിയ്ക്കും ബുദ്ധിമുട്ടുള്ള സ്ഥലമാണ് മിഷൻ ഫീൽഡ്. ഹഡ്സൺ ടെയ്‌ലറും കഷ്ടപ്പാടുകളിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. ഒരു തവണ അദ്ദേഹത്തിന് ഒരു ബ്രിട്ടീഷ് പൗണ്ടിൽ താഴെ മാത്രമേ പണം ഉണ്ടായിരുന്നുള്ളു , മറ്റൊരു സമയത്ത് അദ്ദേഹത്തിനും സംഘത്തിനും ഒരു സഞ്ചി അരി മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർ എന്താണ് ചെയ്തത്?

മത്തായി 6:34-ൽ യേശു പറഞ്ഞു,

> അതുകൊണ്ടു നാളെക്കായി വിചാരപ്പെടരുതു; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന്നു അന്നന്നത്തെ ദോഷം മതി

ശരി, ഹഡ്സൺ ടെയ്ലറും സംഘവും വസ്തുക്കൾ തേടുകയല്ലയായിരുന്നു , മറിച്ച് ചൈനയിലെ ദൈവത്തിന്റെ പദ്ധതികളുടെ പൂർത്തീകരണമായിരുന്നു ഇച്ഛിച്ചത് . അവർ പ്രാർത്ഥിക്കാൻ മുട്ടുകുത്തിയപ്പോൾ, ദൈവം അവരെ കേൾക്കുകയും ധാരാളമായി ഉത്തരം നൽകുകയും ചെയ്തു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചൈനയിലേക്കുള്ള ഈ മിഷനറി ഈ ശക്തമായ വാക്കുകൾ പറഞ്ഞു, അത് ഇപ്പോഴും എന്റെ ഹൃദയത്തോട് ചേർന്നുനിൽക്കുന്നു:

> ദൈവത്തിന്റെ വഴികളിൽ ചെയ്യുന്ന ദൈവ പ്രവൃത്തിക്ക്
> ഒരിക്കലും ദൈവത്തിന്റെ വിതരണത്തിൽ കുറവ് വരില്ല.

**നിങ്ങളുടെ വെല്ലുവിളി:** ഇന്ന് നിങ്ങളുടെ മനസ്സിനെയും ഹൃദയത്തെയും ഉൾക്കൊള്ളുന്ന ചില ഉത്കണ്ഠകളും ആശങ്കകളും എന്താണ്? അവയെല്ലാം നിങ്ങളുടെ കരങ്ങൾ പിടിക്കുന്നവന്റെ കാൽക്കൽ വെയ്ക്കുക.

**പ്രാർത്ഥന:**
സ്വർഗ്ഗീയപിതാവേ, ഞങ്ങളുടെ എല്ലാ ആവശ്യങ്ങളെയും ശക്തമായ രീതിയിൽ അനുഗ്രഹിച്ചതിന് നന്ദി, അതിനാൽ സ്തുതിയും ബഹുമാനവും മഹത്വവും അങ്ങയെക്കു മാത്രം തിരികെ നൽകാനുള്ള പദവി എനിക്കു ലഭിച്ചു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.

## ദിവസം 30: നിങ്ങളുടെ മുമ്പിൽ ആരാണ്? (കൊലോസ്യർ 1:17)

1994-ൽ എന്റെ സഭാ നേതാവ് ഡോ. റെയ്മണ്ട് ടിയോ എന്നെ ശിഷ്യയാക്കി. ശിഷ്യത്വ ക്ലാസ്സിൽ പങ്കെടുക്കാനുള്ള ക്ഷണത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിച്ചത് ഞാൻ ഓർക്കുന്നു. ഞാൻ അന്ന് ജോലി ചെയ്യുകയായിരുന്നു. ഞാൻ ശിഷ്യത്വ ക്ലാസ്സിൽ ചേരണമെന്ന് ദൈവം ശരിക്കും ആഗ്രഹിക്കുന്നുവെങ്കിൽ ഇന്തോനേഷ്യയിലേക്കുള്ള എന്റെ യാത്രയിൽ മാറ്റം വരുത്താൻ ദൈവത്തോട് ആവശ്യപ്പെട്ടു.

എന്നില്ലെ എത്ര വിഡ്ഢിത്തമായ കാര്യം ആണ് ദൈവത്തെ വെല്ലുവിളിക്കുക എന്നത്? അടുത്ത ദിവസം, ഞാൻ ജോലിക്ക് പോയി, ന്യൂസിലാന്റിൽ നിന്നുള്ള എന്റെ ബോസ് എന്നോട് എന്റെ യാത്ര നീട്ടിവെക്കാൻ പറഞ്ഞു. ശിഷ്യത്വ ക്ലാസ്സിൽ പങ്കെടുക്കണമെന്ന് എനിക്കറിയാം. ക്ലാസ്സിലെ എന്റെ ആദ്യ ദിവസം വളരെ സംതൃപ്തമായിരുന്നു. ദൈവത്തെക്കുറിച്ചും അവന്റെ രാജ്യത്തെക്കുറിച്ചും ഒരു ക്രിസ്ത്യാനി എന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്തെക്കുറിച്ചും എനിക്ക് കഴിയുന്നതെല്ലാം പഠിക്കാൻ ഞാൻ കാംഷിക്കുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഡോ. റെയ്മണ്ട് ടിയോ തന്റെ ഓരോ വിദ്യാർത്ഥികളെയും ഒരു ജീവിത വാക്യത്തെക്കുറിച്ച് പ്രാർത്ഥിക്കാൻ വെല്ലുവിളിച്ചു. ദൈവം നമ്മിൽ ഓരോരുത്തർക്കും നൽകുന്ന വാക്യമാണിത്, ദൈവരാജ്യത്തിൽ നാം ചെയ്യുവാനും ചെയ്യാനുമുള്ള എല്ലാ കാര്യങ്ങളിലും ഈ സത്യം നമ്മെ നയിക്കും.

ഞാൻ പ്രാർത്ഥിച്ചു. ഞാൻ കാത്തിരുന്നു. ദൈവം എന്നെ കൊലോസ്യർ 1:17 ചൂണ്ടി കാട്ടി.

> അവൻ സർവ്വത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു

ഈ വാക്യം കർത്താവായ യേശുക്രിസ്തുവിനെയും അവന്റെ മേധാവിത്വത്തെയും കുറിച്ചാണ്. അവൻ കാലത്തിനു മുമ്പുതന്നെ ഉണ്ടായിരുന്നു, അതാണ് അവൻ നിത്യൻ. സൃഷ്ടി നിലവിൽ വരുന്നതിനു മുമ്പുതന്നെ അവൻ നിത്യനാണ്. ക്രിസ്തുവിൽ എല്ലാം പൂർത്തിയാകുന്നു; എല്ലാം ക്രിസ്തുവിൽ ഐക്യപ്പെട്ടിരിക്കുന്നു.
പാസ്റ്റർമാർക്കും സഭ നേതാക്കന്മാർക്കും ശിക്ഷണം നൽകുവാനും, വിവിധ സഭ വിഭാഗങ്ങളിലെ പള്ളികളിൽ പ്രസംഗിക്കാനും സമ്മേളനങ്ങളിൽ സംസാരിക്കാനും ഞാൻ രാജ്യങ്ങളിൽ സഞ്ചരിക്കുമ്പോൾ, വളരെ വ്യക്തിപരമായ രീതിയിലാണ് ഈ വാക്യം എന്നെ ഓർമ്മപ്പെടുത്തുന്നത്.

ഒന്നാമതായി, കർത്താവായ യേശുവിനെയാണ്, ഉയർത്തപ്പെടേണ്ടത്, എന്നെത്തന്നെയല്ല എന്ന് എന്നെ ഓർമ്മിപ്പിക്കുന്നു.

രണ്ടാമതായി, കർത്താവായ യേശുവിൽ നിന്നാണ് എന്റെ സന്ദേശങ്ങൾ, സന്തോഷം, ശക്തി, കൃപ, സമാധാനം, സ്നേഹം എന്നിവ കൈക്കൊള്ളേണ്ടതെന്നു എന്നെ ഓർമ്മിപ്പിക്കുന്നു; എല്ലാത്തിനുമുപരി ഞാൻ ക്രിസ്തുവിന്റെ ഒരു സ്ഥാനപതി ആണ്.
മൂന്നാമതായി, കർത്താവായ യേശു തന്റെ ശിഷ്യന്മാർക്ക് ആഗ്രഹിച്ച ഐക്യത്തിന്റെ വാഹകനാണെന്നു ഞാൻ ഓർമ്മിപ്പിക്കുന്നു.
നാലാമതായി, കർത്താവായ യേശുവിലൂടെ, എന്റെ അനുരഞ്ജന ശുശ്രൂഷ എല്ലാ നിയമനങ്ങളിലും പുതുതായി ജനിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു.

അഞ്ചാമതായി, കർത്താവായ യേശു പരമമായ നിത്യനായതിനാൽ, എല്ലാ മഹത്വവും സ്തുതിയും ബഹുമാനവും അവനിലേക്ക് തിരിച്ചുനൽകാൻ ഞാൻ എപ്പോഴും തിടുക്കപ്പെടണം. പ്രിയ സുഹൃത്തുക്കളെ, ഇന്ന്, എന്റെ സഭാ നേതാവ് ചെയ്തതുപോലെ നിങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**നിങ്ങളുടെ വെല്ലുവിളി**: നിങ്ങൾക്ക് ഒരു ജീവിത വാക്യം ലഭിച്ചിട്ടില്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ശ്രദ്ധേയമായ ഒരു വഴികാട്ടിയായ ഒരു വാക്യം ലഭിക്കാൻ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുമോ? തുടർന്ന്, ഈ വാക്യം നിങ്ങളുടെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിനെക്കുറിച്ച് ജാഗ്രത പാലിക്കുക.

**പ്രാർത്ഥന:**
എല്ലാറ്റിനും മുമ്പായി അങ്ങ് ഉണ്ടെന്നും എല്ലാം അങ്ങയിൽ ഒന്നായിരിക്കുന്നതിനും കർത്താവായ യേശുവിനോട് നന്ദി പറയുന്നു. ആമേൻ.

## ദിവസം 31: ഇതാണ് നമ്മുടെ ദൈവം (സങ്കീർത്തനം 48:14)

ഒന്നാമതായി, എന്റെ ഹൃദയത്തിൽ നിന്ന് ഞാൻ നന്ദി പറയട്ടെ. ഒരു ചെറിയ രീതിയിൽ നിങ്ങളെ എല്ലാവേരയും സേവിക്കാൻ കഴിഞ്ഞതു ഞങ്ങളുടെ ടീമിന്റെ അനുഗ്രഹം ആണ്.

ലജ്ജയില്ലാതെ അങ്ങയെക്കായി എന്ന യാത്ര! കുറച്ച് മാസങ്ങൾക്ക് മുമ്പ് ആരംഭിച്ചതല്ല, പക്ഷേ കുറച്ച് വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചതാണ്. ദൈവത്തെ അനുസരിക്കണമെന്നും ചില ഭക്തിസന്ദേശങ്ങൾ എഴുതണമെന്നും എനിക്കറിയാമായിരുന്നു, എന്നാൽ ശുശ്രൂഷാ യാത്രകളിൽ ഞാൻ വളരെ തിരക്കിലായിരുന്നു!

ഞാൻ ഇത് ആസ്വദിക്കുന്നുണ്ടെങ്കിലും മിക്കവാറും എല്ലാ മാസവും യാത്ര ചെയ്യുന്നത് വളരെ തിരക്കുള്ളതാക്കുന്നു. ശുശ്രൂഷാ നിയമനങ്ങൾക്ക് മുമ്പായി ഞാൻ പ്രാർത്ഥനയിലും തയ്യാറെടുപ്പിലും ധാരാളം സമയം ചെലവഴിക്കുന്നു. കൊറോണ വൈറസ് രാജ്യങ്ങളെ ബാധിച്ചപ്പോൾ, നമ്മിൽ മിക്കവർക്കും വീട്ടിൽ തന്നെ കഴിയേണ്ടിവന്നു, യാത്ര പെട്ടെന്ന് ഉചിതമല്ല. രണ്ടുമാസക്കാലം ഞാൻ ഈ ഭക്തി സന്ദേശങ്ങളിൽ പ്രവർത്തിക്കാൻ തുടങ്ങി.

ഈ സമയം, ഇന്തോനേഷ്യൻ, മലയാളം, സ്പാനിഷ്, തമിഴ് സംസാരിക്കുന്ന പശ്ചാത്തലങ്ങളിൽ നിന്നുള്ള വിവർത്തകരെയും ദൈവം നൽകിയിരുന്നു. ഇത്തരത്തിലുള്ള ടീം ശ്രമം, രണ്ട് വർഷം മുമ്പ് സാധ്യമാകുമായിരുന്നില്ല. ദൈവത്തിന്റെ സമയത്ത്, എല്ലാം മനോഹരമാണ്, അവൻ എപ്പോഴും നമ്മെ നയിക്കും.

സങ്കീർത്തനം 48:14, ക്രിസ്തുവിന്റെ അനുഗാമികളായ നാം നമ്മുടെ അചഞ്ചലമായ വിശ്വാസം, ത്യാഗപൂർണമായ സ്നേഹം, ഉദാരമായ ദാനം, ദൈവം നൽകിയ പകരുന്ന സന്തോഷം, കൃപ എന്നിവയിൽ ലജ്ജിക്കേണ്ടതില്ല എന്ന് മനസ്സിലാക്കുന്നതിനുള്ള നമ്മുടെ യാത്രയുടെ ഉചിതമായ ഒരു സമാപനമാണ്.

സങ്കീർത്തനം 48:14 പറയുന്നു

> ഈ ദൈവം എന്നും എന്നേക്കും നമ്മുടെ ദൈവമാകുന്നു;
> അവൻ നമ്മെ ജീവപര്യന്തം വഴിനടത്തും

നല്ല ഇടയന്റെ ശബ്ദം കേൾക്കാൻ നമ്മുടെ കാതുകൾ ആത്മീയമായി പൊരുത്തപ്പെട്ടിരിക്കുനടത്തോളം കാലം, പിതാവും പുത്രനും പരിശുദ്ധാത്മാവും ആയ ദൈവം എപ്പോഴും തന്റെ പ്രിയനെ വഴി നടത്തും. ദൈവം തന്റെ പരിശുദ്ധാത്മാവിലൂടെ നമ്മെ നയിക്കുന്നു, അത് ധൈര്യത്തോടെയും വേഗത്തിലും ശ്രദ്ധാപൂർവം അനുസരിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നു.

**നിങ്ങളുടെ വെല്ലുവിളി:** അന്തിമ ഭക്തി സന്ദേശത്തിൽ , കർത്താവായ യേശുക്രിസ്തുവിനെ അനുസരിക്കാനും, അവന്റെ നാമത്തെ ഉയർത്താനും തയ്യാറാകുന്ന വിശ്വസ്തരായ ദാസന്മാരാകുവാൻ നിങ്ങൾ നമ്മൾക്ക് വേണ്ടി പ്രാർത്ഥിക്കുമോ?

**പ്രാർത്ഥന:**
അഹരോനിന്റെ അനുഗ്രഹം നിങ്ങളുടെമേൽ ഞാൻ പ്രാർത്ഥിക്കട്ടെ - യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ; യഹോവ തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നല്കുമാറാകട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ. ആമേൻ.


Unashamed to be Yours!
FAIM
Faith Ablaze International Ministries
31 ഭക്തി
സന്ദേശങ്ങൾ
വായിക്കുക ചിന്തിക്കുക നടപ്പിലാക്കുക
മലയാളം ഭക്തിസന്ദേശങ്ങൾ